WATCHMAN


കാവൽക്കാരൻ

# ജാമക്കാരൻ

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. 1 കൊരി:2:15 (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com





**കർത്താവിൽ പ്രിയ വായനക്കാർക്ക്,**

ദൈവത്തിന്റെ വൻകൃപയാൽ എന്റെ വിദേശരാജ്യത്തെ ദൈവവേല കഴിഞ്ഞ് ആരോഗ്യത്തോടെ ഇന്ത്യയിലെത്താൻ ദൈവം സഹായിച്ചു. ഒക്ടോബർ മാസം നിങ്ങൾ എനിക്കെഴുതിയ എല്ലാ കത്തുകളും, ഇ-മെയിലിലൂടെ അയച്ച എല്ലാ പ്രാർത്ഥനാവിഷയങ്ങളും ദിവസവും എന്റെ ഭാര്യ അന്നുരാത്രി തന്നെ എന്നോട് അറിയിക്കുകയും ഞാൻ പ്രാർത്ഥിയ്ക്കുകയും ചെയ്തു. പ്ലസ് ടു കുട്ടികൾക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുമായിരുന്നു. അതുപോലെ ഞാൻ ഇന്ത്യയിൽ ഇല്ലാത്ത ദിവസങ്ങളിൽ നിങ്ങൾ ദൈവവേലയ്ക്കായി അയച്ച സംഭാവനകൾക്ക് രസീതുകളയച്ചും കത്തുകളയച്ചും മറുപടി നൽകി സഹായിച്ചത് എന്റെ ഭാര്യയായിരുന്നു.

കഴിഞ്ഞമാസത്തിലെ മാസിക അനേകർക്ക് പ്രയോജനപ്പെട്ടതായി അറിയിക്കുകയുണ്ടായി.

വിദേശദൈവവേലയുടെ വിവരങ്ങൾ ഞാൻ എഴുതിയിട്ടുണ്ട്. വിദേശരാജ്യങ്ങളിൽ എന്നെ ക്ഷണിച്ച്, അവിടെ എന്നെ ശുശ്രൂഷയ്ക്ക് ഉപയോഗിച്ച എല്ലാ അച്ചന്മാർക്കും ബിഷപ്പുമാർക്കും നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. ഓരോ ദേശത്തിലും എന്റെ വായനക്കാർക്കാരെ കുടുംബത്തോടെ കണ്ട് പ്രാർത്ഥിയ്ക്കുവാനും ദൈവത്തെ സ്തുതിയ്ക്കുവാനും ദൈവം എനിയ്ക്ക് നല്ല അവസരം നൽകി. നേരിൽ അവരെ കണ്ടപ്പോൾ അവരുടെ പല ആത്മീയസംശയങ്ങൾക്കും വചനം വഴിയായി മറുപടി നൽകുവാനും സാധിച്ചു. ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ. കൃപയും സമാധാനവും നമ്മോട് കൂടെ എപ്പോഴും ഉണ്ടായിരിക്കുമാറാകട്ടെ.

കർത്താവിന്റെ ഉന്നത ശുശ്രൂഷയിൽ

**ഡോ. പുഷ്പരാജ്**

NOVEMBER 2015

# പ്രത്യേക അറിയിപ്പ്

## (സി.എസ്.ഐ സഭാ അച്ചന്മാർ ഡയോസിസ് കൗൺസിൽ (D.C) അംഗങ്ങൾ എന്നിവരുടെ ശ്രദ്ധയ്ക്ക്)

നമ്മുടെ സി.എസ്.ഐയിൽ 24 ഡയോസിസുകളുണ്ട്. ഇതിൽ അച്ചന്മാരുടെയും ബിഷപ്പുമാരുടെയും വിരമിയ്ക്കൽപ്രായം 65-ൽ നിന്നും 2 വർഷം കൂട്ടി 67 വയസാക്കുവാൻ നിയമഭേദഗതി (Amendment) നടപ്പിലാക്കുവാൻ പോകുന്നു. സി.എസ്.ഐ സിഡനിലുള്ള മോഡറേറ്റർ, ഡപ്യൂട്ടി മോഡറേറ്റർ മറ്റു ഭാരവാഹികൾ എല്ലാവരുടെയും നിർദ്ദേശപ്രകാരം എല്ലാ മഹായിടവകളുടെയും കമ്മറ്റികൂടി ഈ നിയമഭേദഗതി പാസാക്കുവാൻ വേണ്ടതായ ഏർപ്പാടുകൾ ചെയ്തുവരുന്നു. കമ്മറ്റിയുടെ ബഹളത്തിനിടയിലും 14 ഡയോസിസിന്റെ കൈയ്യുയർത്തിയുള്ള അംഗീകാരം ലഭിയ്ക്കുകയുണ്ടായി. നിയമപ്രകാരം രഹസ്യവോട്ടിലൂടെ മാത്രമായിരിയ്ക്കണം ഈ തീരുമാനമെടുക്കേണ്ടത്. ഇനിയും 3 ഡയോസിസിന്റെയെങ്കിലും സമ്മതം കൂടി ലഭിച്ചാൽ മാത്രമേ ഈ നിയമം (Amendment) നടപ്പിലാക്കുകയുള്ളൂ. ഇതിൽ പുതിയതായി നിലവിൽ വന്ന കൊച്ചി, കൊട്ടാരക്കര - കൊല്ലം ബിഷപ്പുമാരില്ലാത്തതുകൊണ്ട് മോഡറേറ്റർ തന്നെ ആ ചുമതല ഏറ്റെടുത്ത് 2 ഡയോസിസിന്റെയും അച്ചന്മാരെ ഭീഷണിപ്പെടുത്തിയതും വളഞ്ഞ വഴിയിലൂടെയും ഈ നിയമം പാസാക്കുവാൻ ശ്രമിച്ചുകൊണ്ടിയിരിക്കുന്നതായി ഞാനറിഞ്ഞു. ഇതിൽ ചില ഡയോസിസുകൾ കോടതി മുഖേന സ്റ്റേ ഓർഡർ വാങ്ങി തീരുമാനം എടുക്കുന്നത് തടഞ്ഞിട്ടുണ്ട്. ഇതിലുള്ള പ്രശ്നമെന്തെന്നാൽ അച്ചന്മാരുടെ പെൻഷൻ പ്രായം കൂട്ടിയാൽ ബിഷപ്പുമാരുടെയും വിരമിയ്ക്കൽ പ്രായം താനേ കൂടും. തന്മൂലം 2 വർഷം കൂടി തന്റെ പദവിയിൽ തുടങ്ങുവാൻ സാധിയ്ക്കും. ഇതിന്റെ പിന്നിലെ ഉദ്ദേശശുദ്ധി വ്യക്തമല്ല. അച്ചന്മാരുടെ വിരമിയ്ക്കൽ പ്രായം കൂടുന്നതിൽ നമുക്ക് പ്രശ്നമില്ല. ബിഷപ്പുമാരുടെ റിട്ടയർമെന്റ് പ്രായം 2 വർഷം കൂട്ടിയാൽ പല പ്രശ്നങ്ങൾ ഡയോസിസിൽ ഉണ്ടാകുവാൻ സാദ്ധ്യതയുണ്ട്. സാമ്പത്തിക ക്രമക്കേടുകൾ ഇല്ലാത്തതുമായ ബിഷപ്പുമാർ പദവി വഹിച്ചാൽ ഡയോസിസിന് ഗുണകരമായിരിക്കും. പക്ഷേ ഇപ്പോഴത്തെ പല ബിഷപ്പുമാരുടെയും മോഡറേറ്റർമാരുടെയും നിലപാട് അങ്ങനെയല്ലല്ലോ? നാം പത്രങ്ങളിലും ടി.വികളിലും കാണുന്ന വാർത്തകൾപോലെ പല ഡയോസിസുകളിലും സാമ്പത്തിക ക്രമക്കേടുകൾ നദിപോലെ ഒഴുകുന്നത്

അറിയാൻ സാധിയ്ക്കുന്നുവല്ലോ. മാത്രമല്ല പല അന്യായങ്ങൾ ഡയോസിസുകളിൽ നടക്കുന്നത് നാം കേൾക്കുന്നുമുണ്ട്. പലപ്പോഴും സി.എസ്.ഐ ബിഷപ്പുമാരെ കോടതികളിൽ ജഡ്ജിമാർ പരസ്യമായി ശാസിക്കാറുമുണ്ട്. പല ഡയോസിസുകളിലും ബിഷപ്പുമാർക്കെതിരെ കോടതി കേസുകളുടെ എണ്ണം ധാരാളമുണ്ട്. ഇങ്ങനെയുള്ളവർ തങ്ങളുടെ ബിഷപ്പ് പദവിയെ ദൈവവേലയായി കരുതാതെ പദവിയായി ചിന്തിയ്ക്കുന്നതുകൊണ്ടാണ് ബിഷപ്പുമാരാകാനുള്ള ആർത്തിയും മത്സരങ്ങളും നടന്നുകൊണ്ടിരിയ്ക്കുന്നത്.


ബിഷപ്പ് പാനലിൽ വന്ന ഒരാളെ ബിഷപ്പായി വാഴിക്കുവാൻ മോഡറേറ്ററുമാർക്ക് കോടികൾ കോഴയായി ലഭിക്കുന്നു. പലസ്ഥലങ്ങളിലും ബിഷപ്പുമാരുടെ പിന്നിൽ പ്രവർത്തിയ്ക്കുന്നവർ വൻതുകകൾ കോഴയായി കൊടുക്കുവാൻ തയ്യാറുള്ള വലിയ പണക്കാരാണ്. അതുകൊണ്ടാണ് ബിഷപ്പാകുവാനുള്ള ആർത്തിയും മത്സരവും വർദ്ധിച്ചുകൊണ്ടേയിരിക്കുന്നത്. സിനഡിൽ തന്നെ

സുനാമിഫണ്ടിലേയ്ക്ക് വിദേശത്തു നിന്നു ലഭിച്ച പണത്തിന് സിനാഡ് സെക്രട്ടറിയും ചിലരും ജയിലിനുള്ളിൽ ആയത് നമുക്കെല്ലാവർക്കും അറിയാമല്ലോ. പലകോടിരൂപകളെ ഡയോസിസ് പണത്തിൽ വെട്ടിപ്പ് നടത്തിയ കോയമ്പത്തൂർ ഡയോസിസ് ബിഷപ്പിനെ ഡിസ്മിസ് ചെയ്തതും എല്ലാ സി.എസ്.ഐ അംഗങ്ങളും അറിഞ്ഞിരിയ്ക്കും. ഇങ്ങനെ വെട്ടിപ്പു നടത്തുന്ന ബിഷപ്പമാരുടെ എണ്ണം വളരെയുണ്ട്. ഈ Amendment ചെയ്തുകഴിഞ്ഞാൽ എല്ലാ ഡയോസിസിനും വലിയ പ്രശ്നങ്ങൾ ഉണ്ടാകും. അതുകൊണ്ട് അച്ചന്മാരും ഡി.സി മെമ്പർമാരും സി.എസ്.ഐ സഭകളുടെ നന്മയ്ക്കുവേണ്ടി ഈ Amendment പാസാകാതിരിയ്ക്കാൻ ശ്രമിയ്ക്കണം.

ഈ Amendment പാസായി കഴിഞ്ഞാൽ ഫറവോന്റെ കൈയ്യിൽ അകപ്പെട്ടുപോയ യിസ്രായേൽ മക്കളെപ്പോലെ സി.എസ്.ഐ സഭകൾ അടിമകളാകും. ജാമക്കാര (കാവൽക്കാരൻ) ന്റെ ചുമതലായി നിങ്ങൾക്ക് ഈ വിവരത്തെ **വെബ്സൈറ്റ്** വഴിയായി മാസിക പുറത്തു വരുന്നതിനുമുമ്പ് അറിയിക്കേണ്ടി വന്നു.

ഞാൻ വിദേശത്ത് ആയിരുന്നതുകൊണ്ട് നവംബർ മാസം (2015) ജാമക്കാരൻ വൈകിയാണ് പുറത്തുവരിക. ആ മാസിക പുറത്തുവന്ന് വായിച്ച് മനസ്സിലാക്കുന്നതിന് മുമ്പ് ഈ Amendment സംഭവിയ്ക്കാൻ പാടില്ല എന്നുള്ളതാണ് എന്റെ പ്രാർത്ഥന. ഈ പ്രധാന അറിയിപ്പ് ഞാൻ മാസികയിലും വെബ്സൈറ്റിലും അറിയിച്ചതുകൊണ്ട്, സി.എസ്.ഐ ബിഷപ്പുമാരും മാർത്തോമ്മാ ബിഷപ്പുമാർ എന്നെ ഒതുക്കിയതുപോലെ എന്നെ ഒതുക്കും എന്നുള്ളത് ഞാനറിയുന്നു. എന്നാലും ദൈവം എനിയ്ക്ക് തന്ന ദൗത്യം നിറവേറ്റി എന്ന ആത്മസംതൃപ്തി എനിയ്ക്കുണ്ട്. അതു മതി. നാം എല്ലാവരും നമ്മുടെ സഭകൾക്കുവേണ്ടി പ്രാർത്ഥിയ്ക്കേണ്ടത് വളരെ ആവശ്യമാണ്.

മുകളിൽ വായിച്ച ഡയോസിസിന്റെ Amendment പാസാകുന്ന സമയത്ത് ഓരോ ഡയോസിസിലും എന്താണ് സംഭവിച്ചതെന്ന് പത്ര-മാധ്യമങ്ങളിലുടെ അറിഞ്ഞുവല്ലോ. തിരുനെൽവേലി സി.എസ്.ഐ ഡയോസിസിൽ നടന്ന Amendment കമ്മിറ്റിയുടെ ലഹളയുടെ ചിത്രമാണ്.




**Rt.Rev.J.J.Christudass**




நெல்லை சி.எஸ்.ஐ., டயோசீசன் பெருமன்ற உறுப்பினர்கள் கூட்டத்தில் சிலர் மூலச்சட்டத்திருத்தத்திற்கு எதிர்ப்பு தெரிவித்து திரண்டு நின்றதால் பரபரப்பு ஏற்பட்டது.

തിരുനെൽവേലി ഡയോസിസിന്റെ മീറ്റിംഗ് തിരുനെൽവേലി കത്തീഡ്രൽ പള്ളിയിൽ വെച്ച് നടന്നു. ചുറ്റും പോലീസ് കാവലുണ്ടായിരുന്നു. അകത്ത് പ്രവേശിയ്ക്കുന്ന അംഗങ്ങളെ പോലീസ് പരിശോധിച്ചതിനുശേഷമാണ് പ്രവേശിയ്ക്കുവാൻ അനുവദിച്ചത്. പതിവുപോലെ പ്രാർത്ഥനയോടെ തന്നെയാണ് യോഗം ആരംഭിച്ചത്. തുടർന്ന് Amendment വിവരത്തെ ബിഷപ്പ് വായിക്കുവാൻ തുടങ്ങി. ഉടനെ എല്ലാവരും ഉച്ചത്തിൽ ബഹളമുണ്ടാക്കി ഈ Amendment പാസാക്കുവാൻ പാടില്ല എന്ന് പറഞ്ഞ് കസേരകൾ വീശിയെറിയുവാൻ തുടങ്ങി. കുറച്ചുപേർ സ്റ്റേജിൽ കയറി ബിഷപ്പിന്റെ മൈക്ക് പിടിച്ചുവാങ്ങി അതിനെ തകർത്ത് താഴെയിട്ടു. ഇതിനിടയിൽ ബിഷപ്പ് Amendment മുഴുവനും ഈ യോഗത്തിൽ വിജയകരമായി പാസാക്കി പ്രഖ്യാപിക്കുന്നു എന്ന് പറഞ്ഞപ്പോഴേയ്ക്കും കസേരകൾ സ്റ്റേജിൽ വന്നു വീണു. ചിലർ ബിഷപ്പിന് സംരക്ഷണം കൊടുത്തു. പോലീസ് സംരക്ഷണത്തോടെ കാറിൽ കയറ്റി വീട്ടിലേയ്ക്ക് അയച്ചു. ഇതേ രീതിയിലാണ് എല്ലാ ഡയോസിസിലും ബഹളത്തിനിടെ രഹസ്യവോട്ടെടുപ്പ് നടത്താതെ Amendment പാസാക്കിയതായി നമുക്ക് മനസ്സിലാക്കം.


Bishop Thomas K Oomman.

* സി.എസ്.ഐയിൽ **സ്ത്രീകളെ അച്ചനാക്കാൻ** സിനഡ് ശ്രമിച്ചപ്പോൾ ആദ്യം തന്റെ എതിർപ്പ് അറിയിച്ചത് **തിരുനെൽവേലി** സി.എസ്.ഐ ഡയോസിസും **മധ്യകേരള ഡയോസിസുമാണ്.** തങ്ങളുടെ ഡയോസിസ് മാസികയിൽ തന്നെ ഈ അറിയിപ്പ് പരസ്യപ്പെടുത്തി.

* പല വർഷങ്ങൾക്കുമുമ്പ് സി.എസ്.ഐ **സിനഡ് മീറ്റിംഗ്** തിരുനെൽവേലിയിൽ നടന്നപ്പോൾ **'എല്ലാ ദൈവവും ഒന്ന്. എല്ലാം മതവും ഒന്ന്. യേശുവേ, അള്ളാഹു നീയേ മുരുകനും നീയേ, നിന്നെച്ചുറ്റി താമരപ്പുഷ്പങ്ങളിലായി ആരാധന ചെയ്യുന്നു'** എന്ന് എഴുതപ്പെട്ട ആരാധനക്രമത്തെ എല്ലാ ബിഷപ്പുകളും അംഗീകരിക്കുന്നതുപോലെ **ആമേൻ** പറഞ്ഞു.


WORSHIP

"GOOD NEWS TO ALL CREATION"

THAT THEY ALL MAY BE ONE • CHURCH OF SOUTH INDIA •

The Church of South India Synod
Twenty Third Session
Palayamkottai
11-15 January 1992

കുറിപ്പ്: ഇതിലുള്ള പ്രശ്നകരമായ ഭാഗം മാത്രം തർജ്ജിമ ചെയ്തു പ്രസിദ്ധീകരിക്കുന്നു.

പരിശുദ്ധ അമ്മേ (ദൈ ... ഉപദേശത്തിന്റെ വിളിയാണിത്.)
വത്തെ സ്ത്രീയായി കരുതുന്ന ഒരു പുതിയ ... ഞങ്ങളുടെ ഒന്നായ പിതാവേ

ഞങ്ങൾ അങ്ങയുടെ ഭൂമിയെക്കുറിച്ച് കർശനമില്ലാത്തവരായിരിക്കുന്നു.

ഞങ്ങൾക്കു അങ്ങയുടെ സുഖവും, അങ്ങയുടെ പൂർണ്ണതയും, അങ്ങയുടെ സമാധാനവും ആവശ്യം.

☐ ...ക്രിസ്തുവിൽ സമാധാനമായ് — **നിദ്രചെയ്ത** (മരിച്ചുപോയ) ഞങ്ങളുടെ സഹോദരികളെയും സഹോദരരെയും ഓർക്കേണമേ. അവരുടെ വിശ്വാസം അങ്ങേയ്ക്കുമാത്രം അറിയാവുന്നതിനാൽ അങ്ങയുടെ സന്നിധിയിൽ അവിടുന്ന് സകല ജനങ്ങൾക്കും ആയി ഒരുക്കി വച്ചിട്ടുള്ള ആവിരുന്നിനു ആശീർവദിക്കപ്പെട്ട **കന്യകാ മേരിയോടും**, പുരോഹിതന്മാരോടും, പ്രവാചകന്മാരോടും, അപ്പോസ്തലന്മാരോടും, രക്തസാക്ഷികളോടും വഴിനടത്തേണമേ.......

സകല സൃഷ്ടികളും പാപം, മരണം എന്ന പിടിയിൽ നിന്നു വിടുവിക്കപ്പെട്ടു അങ്ങയുടെ രാജ്യത്തിൽ സന്തോഷത്തിനായി, കാത്തിരുന്ന യേശുക്രിസ്തുമൂലമായ് അവിടത്തെ സ്തുതിക്കാൻ ഞങ്ങളെ യോഗ്യരാക്കുന്നു.

...............

...............

...............

☐ ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിൻെറ അപ്പനും

ഞങ്ങളുടെ പിതാവുമായ ദൈവമേ!
നീയാണ് ഞങ്ങൾക്കു മാതാവും പിതാവുമായവൻ
നിൻെറ മക്കളായ ഞങ്ങൾ

നീ സ്വർഗ്ഗത്തിൽ സിംഹാസനം വച്ചാലും.

നിൻെറ പാദങ്ങൾ ഞങ്ങൾ വസിക്കുന്ന ഈ ഭൂമിയിൽ നിൽക്കുന്നതുകൊണ്ട് ഞങ്ങൾ നിൻെറ അടുത്തുവരുന്നു.

— നിൻെറ മനസിൻെറ കനിവു ഞങ്ങൾ **യേശുവിൽ** കാണുന്നു

— സ്നേഹത്താൽ രൂപംകൊണ്ട ഹിന്ദുമത ദൈവമായ **ശിവൻ** എന്ന പേരിനെ അവൻ നിനക്കു തരുന്നു.

— അവൻ നിൻെറകനിവുനിറഞ്ഞ **അള്ളാ** എന്ന പേരിനെ മുഹമ്മദീയർക്കു നൽകുന്നു.

— മനസുരുക്കത്തെ തന്നെ ദൈവമായി വഴിപ്പെടുന്ന ബുദ്ധമതക്കാർക്ക് **ബുദ്ധൻ** ദൈവമായി നീ ഇരിക്കുന്നു.

സർവ്വലോകത്തിൻെറയും ദൈവമേ ഞങ്ങൾ നിനക്കു മാത്രം അവകാശികൾ എന്നും നീ ഞങ്ങൾക്കുള്ളവൻ എന്നും ചരിത്രം ഞങ്ങൾക്കു പഠിപ്പിക്കട്ടെ.

പാപികളായ ഞങ്ങൾ ഞങ്ങൾക്കു വളരെ പ്രയോജനമായ മകൻ, മകൾ എന്ന സ്ഥാനത്തെ നിന്നിൽ പ്രാപിക്കുന്നു.

☐ മുകളിൽ വായിച്ച ഈ പ്രാർത്ഥന ആരാധനയെ **സിനാഡ്** ഒരു ഹൈന്ദവ മത പൂജാരിയുടെ കയ്യിൽ കൊടുത്തു തയ്യാറാക്കിയതു പോലെ കാണുന്നു.

# CHURCH OF SOUTH INDIA

(2)

THE SYNOD SECRETARIAT

222 Cathedral Road, P.B No. 4906 Madras-600 086 South India

Moderator
The Most Rev. Dr. B. RYDER DEVAPRIAM
MA. BT. BD. STM
Bishop's House,
Nandyal (RS) 518502
Kurnool Dt. A.P.

General Secretary
Prof. GEORGE KOSHY
MA. BA (Hons) Nottingham)
CSI Synod 222 Cathedral Road
Madras-600 086

Deputy Moderator
The Rt. Rev. JASON S. DHARMARAJ
M. A. B. D.
Bishop of Tirunelvely

Hon: Treasurer
Mr. D.P. KINGSLEY B. Com.
C A. I I B, C A I B (Londan) 66
Harringtonr RoadMadras-600 031

Ref. No. SND

Date 18-3-'92

................................................

പ്രിയ സുഹൃത്തുക്കളെ

11-3-92 ലെ താങ്കളുടെ കത്തിന് വളരെ നന്ദി. 1992 ജനുവരിമാസം, പാളയംകോട്ടയിൽ വച്ചു നടന്ന ദക്ഷിണേന്ത്യാസഭയുടെ സിനാഡ് ആരാധനാശുശ്രൂഷയിൽ, പരീക്ഷണാർത്ഥം നടത്തിയ പ്രാർത്ഥനയെക്കുറിച്ച്, താങ്കൾ ചൂണ്ടിക്കാണിച്ച ഗുരുതരമായ പ്രതിഷേധം ശ്രദ്ധിച്ചു.

ഭാവിയിൽ, സഭയുടെ ഔദ്യോഗിക ആരാധനാക്രമത്തിൽ ഉൾക്കൊള്ളിക്കേണ്ട പ്രാർത്ഥനകൾ മുതലായവ, വളരെ അവഗാഢമായി ചിന്തിച്ചതിനുശേഷമായിരിക്കും അപ്രകാരം ഉൾപ്പെടുത്തുക എന്ന് നിങ്ങൾക്ക് ഉറപ്പു തരാൻ ഞാൻ ആഗ്രഹിക്കുന്നു. ദക്ഷിണേന്ത്യാ സഭയുടെ സിനാഡിൽ നടന്ന വിശേഷാൽ പ്രാർത്ഥന, സഭയിൽ സാധാരണ ഉപയോഗിക്കുന്നതിനുവേണ്ടി ഔദ്യോഗികമായോ, ആധികാരികമായോ ശുപാർശ ചെയ്യപ്പെട്ടതാണെന്നു ധരിയ്ക്കരുത്.

ളുടെ ചോദ്യത്തിന്, ടി പ്രാർത്ഥന കത്തോലിക്കാ സഭയുമായും, അഖിലലോക സഭാ കൗൺസിലുമായും ഉള്ള ബന്ധത്തിന് ഒരു വിധത്തിലും സഹായമോ, തടസ്സമോ ആകയില്ല എന്നു ഞാൻ ഉറപ്പു തരുന്നു. കാരണം, ആ രണ്ടു മഹനീയ സംഘടനകളും ഈ വിഷയത്തിൽ ഇപ്പോൾ പരീക്ഷണം നടത്തിക്കൊണ്ടിരിക്കുകയോ അല്ലെങ്കിൽ അടുത്ത സമയത്തു തന്നെ പരീക്ഷണം നടത്തിക്കഴിയുകയോ ചെയ്തു കഴിഞ്ഞു.

നമ്മുടെ പ്രാർത്ഥനയിൽ നാം ഉപയോഗിക്കുന്ന ഭാഷയെയും, സങ്കല്പത്തെയും പ്രതിബിംബത്തെയും കുറിച്ച്, കൂടുതൽ അവഗാഢമായി ചിന്തിക്കുന്നതിന് താങ്കളുടെ കത്ത് ഉത്തേജകമായിത്തീർന്നു എന്നെനിക്കുറപ്പുണ്ട്. മാത്രവുമല്ല അത്, കഴിയുന്നിടത്തോളം മത്തായി 6-7ൽ പറഞ്ഞിരിക്കുന്നതിന്റെ പ്രാധാന്യത്തിലേക്ക് നയിക്കുകയും ചെയ്യും.

ഹ്രസ്വവും ലളിതവുമായ പ്രാർത്ഥനയിൽ താല്പര്യമുള്ള എല്ലാവർക്കായും അവർക്കുവേണ്ടിയും.

Yours Sincerely

B. RYDER DEVAPRIAM
Moderator & Bishop in Nandyal

........1992 ജനുവരിയിൽ പാളയംകോട്ടയിൽ നടത്തപ്പെട്ട സിനാഡ് ആരാധനയിൽ നടന്ന ആ പ്രത്യേക പ്രശ്നകാരണമായ വിഷയം പരീക്ഷണാർത്ഥം (Experimental Prayer) നടത്തപ്പെട്ടതാണെന്നാണ് മോഡറേറ്റർ സൂചിപ്പിച്ചിരിക്കുന്നത്.

"കൂടാതെ ആപ്രത്യേകപ്രർത്ഥന സി എസ്.ഐ സഭ മുഴുവനും പൊതു ഉപയോഗത്തിനായി ശുപാർശ ചെയ്യപ്പെട്ടതായി കരുതേണ്ടതല്ല...........".

ഈ മറുപടിയിൽ നാം അറിഞ്ഞിരിക്കേണ്ടമുഖ്യമായ വിഷയം സിനാഡിൽ നടന്നു കഴിഞ്ഞ ആ തെററായ ആരാധന ഒരു **പരീക്ഷണം എന്ന നിലയിൽ** (An Experimental prayer) നടത്തപ്പെട്ടത് എന്ന വിവരം മോഡറേററർ അവർകൾ അറിയിച്ചിരിക്കുന്നു.

അതായത് **പരീക്ഷണാർത്ഥം ഉള്ള** പ്രാർത്ഥന എന്നു പറഞ്ഞാൽ എന്താണർത്ഥം? എക്സ്പെരിമെൻററ് പ്രേയർ എന്നു അദ്ദേഹം സൂചിപ്പിച്ചതു **കെമിസ്ട്രി** പരിശോധനയാണോ? എന്തർത്ഥത്തിൽ ഇപ്രകാരമുള്ള വാർത്തകൾ പറഞ്ഞു സമാധാനിക്കാൻ ശ്രമിക്കുന്നു.

ഈ പരീക്ഷണ പ്രാർത്ഥനയ്ക്കു ഏതെങ്കിലും എതിർപ്പുകൾ വരുന്നുണ്ടോ? അല്ലെങ്കിൽ ഡയോസിസിലെ ജനങ്ങൾ ഇതു ശ്രദ്ധിക്കാതെ ഇരിക്കുന്നുണ്ടോ എന്നതു വൈദ്യന്മാർ നാടി (Pulse) നോക്കുന്ന രീതിയിൽ ഈ **പരീക്ഷണ പ്രാർത്ഥനയുടെ** ഉദ്ദേശ്യം എന്നു ഞാൻ കരുതുന്നു.

ഈ **പരീക്ഷണ പ്രാർത്ഥനയ്ക്കു** ആരും എതിർപ്പ് അറിയിക്കാതെയും അത് കണ്ടില്ലെന്ന് സഭയും സഭാ നേതാക്കളും

അന്ന് സംഭവിച്ച ഈ ആരാധനക്രമത്തിന്റെ ഫോട്ടോകോപ്പി അതുപോലെ ഞാൻ ജാമക്കാരനിൽ പരസ്യപ്പെടുത്തി. അന്നുണ്ടായിരുന്ന 21 ഡയോസിസുകൾ കമ്മറ്റി കൂടി ഈ ഉപദേശത്തെ ഞങ്ങൾ വെറുക്കുന്നു. ഇത് സഭയ്ക്കുള്ളിൽ കൊണ്ടുവരാൻ പാടില്ല എന്ന് ഞാൻ അപേക്ഷിച്ചു. ഉടൻ തന്നെ തങ്ങളുടെ എതിർപ്പിനെ മദ്രാസിലുള്ള.

സെന്റ് **ജോർജ്ജ് സി.എസ്.ഐ** ചർച്ചും തമിഴ്നാട്ടിലെ പലസഭകളും തങ്ങളുടെ എതിർപ്പുകളെ അറിയിച്ച് സിനഡിനും തമിഴ്നാട്ടിലെ ബിഷപ്പിനെയും കത്തെഴുതി അറിയിച്ചു.

**കേരളത്തിൽ** ആദ്യമായി **മധ്യകേരള ഡയോസിസിൽ** സി.എസ്.ഐ മാസികയിൽ ഈ തെറ്റായ ഉപേദശആരാധനക്രമം ഞങ്ങളറിഞ്ഞിട്ടില്ല. എന്നാലും ഞങ്ങൾ ഈ തെറ്റായ ഉപദേശത്തോട് യോജിക്കുന്നില്ല എന്ന് ബിഷപ്പ് **അവർകൾ തന്നെ** പറഞ്ഞു. ഇങ്ങനെ ആത്മീയ എരിവുള്ള **മധ്യകേരള** ഡയോസിസിനും **തിരുനെൽവേലി** ഡയോസിസിനും ഈ തെറ്റായ Amendment വേഗം പാസാക്കാൻ താല്പര്യം കാണിയ്ക്കുന്നത് അപമാനകരമായ വിഷയമാണ്.

ദയവായി ഈ Amendment എല്ലാ ഡയോസിസ് ബിഷപ്പുമാരും അച്ചന്മാരും പുനഃപരിശോധന ചെയ്ത് നമ്മുടെ **സി.എസ്.ഐ**യെ **രക്ഷപ്പെടുത്തണം**.

# ST. GEORGE'S CATHEDRAL

C. S. I. MADRAS DIOCESE

Rev. DAVID DEVAIRAKKAM
M.A., B.D. Dip. in Ger.
Presbyter-in-charge

224, Cathedral Road,
P.B No. 4941
Madras-600 086

Date: 11-03-1992

The Moderator
The Church of South India
Synod Office,
Madras-600 086

പ്രിയപ്പെട്ട മോഡറേറ്റർ,

1992 ജനുവരിയിൽ പാളയംകോട്ടയിൽ വച്ചുനടന്ന ദക്ഷിണേന്ത്യാ സഭയുടെ സിനഡിന്റെ 23-ാമതു സമ്മേളനത്തിൽ താഴെ പ്രസ്താവിച്ചിരിക്കുന്ന പ്രാർത്ഥന ഉച്ചരിച്ചത്, മദ്രാസ് സെന്റ് ജോർജ്ജ് കത്തീഡ്രൽ അംഗങ്ങളായ ഞങ്ങളെ അഗാധമായി ഞെട്ടിപ്പിക്കുകയും വേദനിപ്പിക്കുകയും ചെയ്തിരിക്കുന്നു.

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിന്റെ ജനയിതാവും ഞങ്ങളുടെ ജനയിതാവുമായ ദൈവമേ, അവിടുന്നു തന്നെയാണ് ഞങ്ങളുടെ പിതാവും മാതാവും. അങ്ങയുടെ താമരപാദങ്ങളെ ചുററി, അങ്ങയെ ആരാധിക്കുന്നതിനായി ഞങ്ങൾ കൂടിവന്നിരിക്കുന്നു. അങ്ങയുടെ മനസലിവു താമരയുടെ പരിമളം പോലെയാകുന്നു. അവിടുന്ന് സ്വർഗ്ഗങ്ങളിൽ സിംഹാസനസ്ഥനായിരിക്കയാണെങ്കിലും, അങ്ങയുടെ പാദങ്ങൾ മനുഷ്യരായ ഞങ്ങൾ അധിവസിക്കുന്ന ഭൂമിയിലായിരിക്കുന്നതിനാൽ ഞങ്ങൾക്ക് അങ്ങയെ സമീപിക്കാവുന്നതാണല്ലോ.

അങ്ങയുടെ മനസലിവ്, ഞങ്ങൾ യേശുവിൽ ദർശിക്കുന്നു. കരുണാമയനായ ശിവൻ എന്നുള്ള അങ്ങയുടെ ഹൈന്ദവനാമത്തെ അവൻ (യേശു) അന്വർത്ഥമാക്കുന്നു. മഹമ്മദീയർ അങ്ങയെ സംബോധന ചെയ്യുന്ന ദയാപരനായ "അള്ളാ" എന്നുള്ള നാമത്തെയും അവൻ (യേശു) അർത്ഥപുഷ്ടമാക്കുന്നു. ബുദ്ധമതാനുസാരികൾ ആരാധിക്കുന്ന അനുകമ്പാർദ്രമായ ബുദ്ധന്റെ ദൈവത്വത്തിലും അവൻ (യേശു) മൂർത്തീകരിച്ചിരിക്കുന്നു.

സർവ്വപ്രപഞ്ചത്തിന്റെയും ദൈവമേ, ഞങ്ങൾ അങ്ങയ്ക്കു മാത്രമുള്ളവരാകണം. അങ്ങു ഞങ്ങൾക്കുള്ളതെന്നും, ചരിത്രം ഞങ്ങളെ പഠിപ്പിക്കട്ടെ. അങ്ങ് മതിയായവൻ. പാപികളായ ഞങ്ങൾ അങ്ങയിൽനിന്നു പുത്രിത്വവും, പുത്രത്വവും എന്നുള്ള അവകാശം പ്രാപിക്കുന്നു. ഞങ്ങളുടെ ഏററവും വലിയ ആശ്വാസവും അതാണല്ലോ"

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവ[illegible] ശിവൻ, അള്ള, മുതലായ ഇതര മതദേവന്മാരോടു തുല്യപ്പെടുത്തിയിരിക്കുന്ന ഈ പ്രാ[illegible]

ത്ഥന, വിശുദ്ധ ബൈബിളിലെ. പഴയ പുതിയ നിയമങ്ങളിൽ, നാം വായിക്കുന്ന എല്ലാ കാര്യങ്ങളുടെയും പൂർണ്ണമായ നിഷേധവും, ലംഘനവുമാണെന്നു ഞങ്ങൾ കരുതുന്നു. തികച്ചും ദൈവദൂഷണമെന്നു ഞങ്ങൾ കരുതുന്ന ഇതിന്, പാളയംകോട്ടയിൽ കൂടിയിരുന്ന ബിഷപ്പന്മാരും ഇതര വൈദീകരും, "ആമേൻ" പറഞ്ഞതിൽ ഞങ്ങൾ ലജ്ജിക്കുന്നു. ക്രിസ്ത്യാനിത്വത്തിന്റെ അടിസ്ഥാനതത്വങ്ങളെയും, നമ്മുടെ വിശ്വാസപ്രമാണത്തിൽ ഉറപ്പിച്ചിട്ടുള്ള വിശ്വാസങ്ങളുടെയും തായ്‌വേരുതന്നെ മുറിക്കുന്ന ഇത്തരം, മോഡേണിസ്റ്റ് ചിന്താഗതികളെ, സമ്പൂർണ്ണമായും നിന്ദ്യവും നിഷിദ്ധവുമായി ഞങ്ങൾ കാണുന്നു.

ഇത്തരം ദൈവദൂഷണപരമായ പ്രാർത്ഥനകൾ, നമ്മുടെ പ്രാർത്ഥനാക്രമത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള വഴിപിഴച്ച ഉദ്ദേശലക്ഷ്യങ്ങൾ ആർക്കെങ്കിലും ഉണ്ടെങ്കിൽ, അതിനെ എതിർത്തു തോൽപിക്കുന്നതിന്, ഇൻഡ്യയിലെ ക്രൈസ്തവ ജനത ഒന്നടങ്കം ഉണർന്നു പ്രവർത്തിക്കുവാൻ മടിക്കുകയില്ലെന്നു ഞങ്ങൾ താങ്കൾക്കു മുന്നറിയിപ്പു നൽകുന്നു. ഇത്തരം പ്രകോപനപരമായ പ്രാർത്ഥനകൾ (ക്രോധവും രോഷവും ഉളവാക്കുന്നതിനാൽ പ്രകോപനപരം) എക്യൂമെനിക്കൽ പ്രസ്ഥാനത്തിന്മേൽ ഉളവാക്കുന്ന ഫലം എന്താണെന്നുള്ളതിനെകുറിച്ചു പാളയംകോട്ടയിൽ സമ്മേളിച്ച വൈദീകർ, തങ്ങളുടെ കൂട്ടായ ജ്ഞാനത്തിൽ, പരിഗണിക്കുകയുണ്ടായോ, ഇല്ലയോ എന്നു സാന്ദർഭികമായി ഞങ്ങൾ ചോദിക്കുന്നു. ഇത് റോമാസഭയെ നമ്മോടു അടുപ്പിക്കുമോ? അതോ, അകററുകയായിരിക്കുമോ ചെയ്യുന്നത്? അഖിലലോക സഭാകൗൺസിൽ പോലെയുള്ള മഹനീയ സംഘടന, പ്രസ്തുത നടപടികളെ അഭിനന്ദിക്കുമോ?

ദക്ഷിണേന്ത്യാസഭയുടെ പുതിയ മോഡറേറ്റർ എന്ന നിലയിൽ ക്രിസ്തീയവിശ്വാസത്തിന്റെ അടിസ്ഥാന ഉപദേശങ്ങളിൽ, കലർപ്പു ചേർക്കുന്നതിനെതിരെ, ആവശ്യമായ നടപടികൾ താങ്കൾ സ്വീകരിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

നന്ദിപൂർവ്വം

Yours faithfully,

**for and on behalf of the Members of St.George's Catedral**

| (F.V.N.Paul) | (John Christopher) | (Kumar Asirvadham) |
|---|---|---|
| Secretary | Treasurer | Asst. Secretary |

പകർപ്പ്: ദക്ഷിണേന്ത്യാ സഭയുടെ മററു എല്ലാ ബിഷപ്പുമാർക്കും.

**കുറിപ്പ് :** മുകളിൽ വായിച്ച എതിർപ്പ് കത്തിന്റെ മാതിരി നമ്മുടെ ഓരോരോ സി. എസ്. ഐ. സഭകളുടെ കത്തിനെ സിനാഡിനും എല്ലാ ബിഷപ്പുമാർക്കും അയയ്ക്കണം. **ആ കത്ത് നിർബന്ധമായും** [illegible]

## പോൾ കമ്മീഷൻ

(1) 35 വർഷത്തിനു മുമ്പ് സി.എസ്.ഐ നിയമങ്ങൾ **പുനഃസ്ഥാപിയ്ക്കാൻ** വേണ്ടി **പോൾ കമ്മീഷൻ** ഏർപ്പെടുത്തിയ ജഡ്ജിമാരും റിട്ടയർ ചെയ്ത ബിഷപ്പുമാരും ചേർന്ന് രണ്ടു വർഷങ്ങളായി പല ഡയോസിസുകളെ സന്ദർശിച്ചു. **ആ കമ്മീഷനെ പുറത്താക്കാൻ** ഒരു ബിഷപ്പും ഇഷ്ടപ്പെട്ടിട്ടില്ല. കമ്മീഷനിൽ പറയുന്നത് ഒരച്ചന് **5** അല്ലെങ്കിൽ **6 വർഷം** റിട്ടയർ ആകാനുണ്ടെങ്കിൽ മാത്രമാണ് ബിഷപ്പ് ഇലക്ഷനിൽ നിൽക്കുവാൻ സാധിക്കുകുയുള്ളൂ.

(2) അച്ചന്മാരാരും ആത്മീയവേലയല്ലാതെ സ്കൂളിന്റെ, കോളേജിന്റെ ചുമതല ഏറ്റെടുക്കാൻ പാടില്ല. ഇടയന്റെ ജോലി മാത്രമേ ചെയ്യാവൂ.

* ഡയോസിസിന്റെ **സ്വത്തുക്കൾ**, ആസ്തികൾ, **കോളേജ് അഡ്മിഷനുകൾ** നിർവ്വഹിക്കാൻ ലെയ്റ്റി ആളുകൾക്കും സഭയിലുള്ള ചില മാന്യന്മാരെ തെരഞ്ഞെടുത്ത് അവരുടെ കൈയ്യിൽ ഏല്പിക്കണം. ഇതുപോലെയുള്ള നല്ല കാര്യങ്ങൾ **പോൾ കമ്മീഷനിൽ** ആലോചനയായി എഴുതിയിട്ടുണ്ട്. ഇത് വായിക്കുന്ന സി.എസ്.ഐ അച്ചന്മാർ ആത്മീയരായ ബിഷപ്പുമാർ സഭയിലെ മാന്യന്മാർ ആരെങ്കിലും മുൻകൈയ്യെടുത്ത് സിനഡിലുള്ള പോൾ കമ്മീഷനെ പുറത്തുകൊണ്ടുവരാൻ ശ്രമിച്ചാൽ നമ്മുടെ സി.എസ്.ഐ സഭകളിൽ ആത്മീയത ഉണ്ടാകും. ബിഷപ്പുമാരുടെ പേരിലോ, അച്ചന്മാരുടെ പേരിലോ **പണതട്ടിപ്പ്, കോഴപ്പണം** വാങ്ങിയതായിട്ടുള്ള ദുഷ്പ്പേരുകൾ മാറ്റി **ഗൗരവമായി** എല്ലാവരാലും **ബഹുമാനിയ്ക്കുന്ന** ദൈവവേലക്കാരായി ജീവിയ്ക്കാൻ സാധിയ്ക്കും.

എന്റെ അപ്പാ, 30 വർഷം സി.എസ്.ഐ സഭയിലെ സെക്രട്ടറിയായി പ്രവർത്തിച്ച വ്യക്തിയാണ്. ഞാൻ **വചനാടിസ്ഥാനത്തിൽ യഥാർത്ഥ ക്രിസ്ത്യാനിയായി ജീവിച്ചാലും** സി.എസ്.ഐക്കുറിച്ചുള്ള **ഭാരവും എരിവും** എനിയ്ക്കുണ്ട്. എന്റെ മുമ്പിൽ സി.എസ്.ഐ നശിച്ചുപോകുന്നത് കണ്ടുകൊണ്ട് വെറുതെയിരിക്കാൻ സാധിക്കുന്നില്ല. ദൈവത്തെ വിട്ട് മറന്നുപോകുന്ന അവസ്ഥ സഹിക്കാൻ കഴിയുന്നില്ല. ബിഷപ്പുമാർ എന്നെ വെറുത്ത് മാറ്റി നിർത്തിയാലും ഞാൻ ജാമക്കാരന്റെ വേലയെ തുടർന്നുകൊണ്ടിരിയ്ക്കുന്നു.

# ദുബായിയിൽ സിനഡ് കമ്മിറ്റി

* ഇതിനിടയിൽ വിദേശത്തുള്ള സി.എസ്.ഐ തമിഴ്, മലയാള സഭകളെ സിനഡിന്റെ കീഴിൽ കൊണ്ടുവരാൻ രഹസ്യപദ്ധതിയിട്ട് സിനഡ് മീറ്റിംഗിനെ കോടികൾ ചെലവു ചെയ്ത് ദുബായിൽ ചെന്ന് സിനഡ് മീറ്റിംഗ് നടത്തി. ഈ തന്ത്രം അറിഞ്ഞ ചിലർ ധൈര്യമായി എതിർത്ത് അവസാനം ഈ പദ്ധതിയെ തകർത്തത് സിനഡിലുള്ള ബിഷപ്പുമാർ എല്ലാവർക്കും ഒരു വലിയ പരാജയമുണ്ടായി.

ദൈവം നമ്മുടെ സി.എസ്.ഐ സഭകളെ ആത്മീയമായി നടത്തുവാൻ ദൈവഭയം ബിഷപ്പുമാരുടെയും അച്ചന്മാരുടെയും ഉള്ളിൽ ഉണ്ടാകുവാൻ നാം ഉപവസിച്ച് പ്രാർത്ഥിയ്ക്കണം.

**ദൈവനാമം മഹത്വപ്പെടട്ടെ.**

**ദൈവവേലയിൽ**
**ഡോ.പുഷ്പരാജ്**

❖❖❖❖❖❖❖❖❖❖❖❖❖

# എന്റെ വിദേശദൈവവേല

2015 ഒക്ടോബർ മുതൽ നവംബർ 6-ാം തീയതി വരെ അമേരിക്കയിലുള്ള Newyork, Iowa, Chicago എന്നീ സ്ഥലങ്ങളിലും Canada ദേശത്തിലും ഗൾഫ് പ്രദേശത്തിൽ Abudhabi (U.A.E) യിലും England ൽ Middlesex, London എന്നീ നഗരങ്ങളിലും Irland ലും വളരെ നീണ്ട യാത്രചെയ്ത് അവിടെയുള്ള സഭകളെ സന്ദർശിച്ച് ദൈവവേല ചെയ്തശേഷം ആരോഗ്യത്തോടെ ഇന്ത്യയിൽ തിരികെ വന്നു ചേർന്നു.

**എന്റെ വിദേശശുശ്രൂഷയിൽ എനിയ്ക്ക് അഭിമാനകരമായ കാര്യം**: എല്ലാ ദേശങ്ങളിലും എനിയ്ക്കു വേണ്ടിയും എന്റെ ദൈവവേലയ്ക്കു വേണ്ടിയും ആരും പണം പിരിയ്ക്കുവാൻ പാടില്ല എന്ന് എഴുതിയതും അറിയിച്ചതുമൂലം എന്റെ മനസ്സിൽ വളരെ സമാധാനം ലഭിച്ചു. ആദ്യദിവസം യോഗത്തിൽ തന്നെ ആരും എനിയ്ക്ക് ഗിഫ്റ്റുകളോ വസ്ത്രങ്ങളോ കൊണ്ടുവരരുത് എന്ന് അറിയിക്കുന്നത് എന്റെ ശീലമാണ്. എന്റെ ആദ്യത്തെ വിദേശയാത്ര 1970-ൽ തുടങ്ങി. ഞാൻ വിദേശത്ത് പോകുന്നത് വിദേശസാധനങ്ങളോടുള്ള മോഹം കൊണ്ടോ, പണപ്പിരിവിനോ വേണ്ടിയല്ല. എന്റെ കുടുംബത്തിലുള്ളവർക്കും വിദേശസാധനങ്ങളോടുള്ള താല്പര്യം ഉണ്ടാകാതെ ദൈവം കാത്തു.

## കാനഡ - ടി.വി അഭിമുഖ സംഭാഷണം

കാനഡ ദേശത്തിൽ ഇറങ്ങിയ ഉടൻ തന്നെ ടി.വി അഭിമുഖ സംഭാഷണത്തിനുവേണ്ടി ഏർപ്പാടു ചെയ്തു. വിമാനത്താവളത്തിൽ നിന്നും നേരേ റിക്കാർഡിംഗ് സ്റ്റേഷനിലേയ്ക്കാണ് എന്നെ കൂട്ടിക്കൊണ്ടുപോയത്. അതിൽ എന്നെക്കുറിച്ചും ഇപ്പോഴുള്ള തെറ്റായ ഉപദേശങ്ങളെക്കുറിച്ചും അന്യഭാഷാ കുഴപ്പങ്ങളെക്കുറിച്ചും ജനങ്ങളുടെ ചോദ്യങ്ങൾക്ക് തൽസമയം ഞാൻ മറുപടി നൽകി. അത് ലോകമാകമാനം പലർക്കും പ്രയോജനമായി. ഇത് എന്റെ മനസ്സിനും വലിയ ആശ്വാസമായി. ദൈവത്തിന് മഹത്വമുണ്ടാകട്ടെ. ഈ പ്രസംഗങ്ങളെല്ലാം **യു.ട്യൂബി**ൽ പരസ്യപ്പെടുത്തുമെന്ന് അവർ എന്നോടറിയിച്ചു.

## കാനഡാദേശത്തിലെ ശുശ്രൂഷ

ഇപ്രാവശ്യം കാനഡയിലുള്ള സി.എസ്.ഐ Malayala congrigation ൽ പ്രസംഗിയ്ക്കുവാനുള്ള തീയതി കൊടുക്കാൻ സാധിച്ചില്ല. തമിഴ് ക്രിസ്ത്യാനികൾക്ക് മാത്രം ഒരു Grace Gospel Tamil Church -ൽ വെച്ച് എല്ലാ സഭകൾക്കുവേണ്ടി പൊതുയോഗങ്ങൾ ക്രമീകരിച്ചു. എല്ലാ സഭയിലുള്ളവരും ഈ യോഗങ്ങളിൽ സംബന്ധിച്ചു. പ്രസംഗം കഴിഞ്ഞ ഉടൻ തന്നെ സി.ഡി, ഡി.വി.ഡികൾ വിതരണം ചെയ്തു. ഓരോ പ്രസംഗവും ബൈബിൾ പഠനമായിരുന്നതുകൊണ്ട് യഥാർത്ഥ ക്രിസ്തീയജീവിതം എന്താണെന്ന് ജനങ്ങൾക്ക് മനസ്സിലായി. കള്ള ഉപദേശങ്ങളെ തിരിച്ചറിയാനുള്ള ആലോചനയും ആ പ്രസംഗത്തിൽ നൽകി. അതുമുഖാന്തിരം ദൈവനാമം മഹത്വപ്പെട്ടു.

## Grace Gospel Tamil Church- CANADA









## Abudhabi (UAE) Malayala Congrigation

ഗൾഫ് രാജ്യത്തിൽ അബുദാബി എന്ന സ്ഥലത്തിലുള്ള മധ്യകേരളാ ഡയോസിസ് സി.എസ്.ഐ മലയാള സഭകളുടെ കൺവെൻഷൻ വളരെ അനുഗ്രഹപ്രദമായിരുന്നു. മാർത്താമ്മോ സഭാ വിശ്വാസികളും ഈ യോഗങ്ങളിൽ പങ്കെടുത്തു. ഇവിടെ സംബന്ധിച്ച ജനങ്ങൾക്ക് വചനം കേൾക്കാനുള്ള ആഗ്രഹം വളരെ ഉള്ളതായി ഞാനറിഞ്ഞു. അതുകൊണ്ട് രാവിലെയും രാത്രിയും യോഗങ്ങൾ ക്രമീകരിച്ചാലും ക്ഷീണം ഉണ്ടാകാതെ ഉത്സാഹത്തോടെ ചെയ്യുവാൻ കഴിഞ്ഞു. ചില ദിവസത്തെ യോഗങ്ങളിൽ ചോദ്യാത്തരങ്ങളിൽ കൂടുതൽ സമയം ചെലവാക്കിയത് എന്റെ മനസ്സിന് സംതൃപ്തി നൽകി.

(PTO)

അബുദാബിയിൽ 1978-ാം വർഷം മാർത്തോമാ സഭ എന്നെ ആദ്യമായി യോഗത്തിന് ക്ഷണിച്ചു. അന്ന് സി.എസ്.ഐ സഭ അവിടെയുണ്ടായിരുന്നില്ല. 1979-ലാണ് സി.എസ്.ഐ സഭ അവിടെ ഉണ്ടായത്.

ഇപ്രാവശ്യം 2015 ഒക്ടോബർ മാസം റവ.പോൾ മാത്യു അവർകൾ ഈ യോഗം പ്രാർതഥനയോടെ ക്രമീകരിച്ച് എന്നെ ക്ഷണിച്ചു. ഇവിടെയുള്ള യുവാക്കൾ ഒന്നിച്ചു കൂടി പ്രാർത്ഥിയ്ക്കുന്നത് കണ്ടു. ഇവിടത്തെ ഗായകസംഘം വളരെ നല്ലരീതിയിയിൽ പാട്ടു പാടിയിരുന്നു.

(യോഗങ്ങളിൽ സംബന്ധിച്ച പലരും 40 വർഷങ്ങൾക്കുമുമ്പ് എന്റെ യോഗത്തിൽ മാനസാന്തരപ്പെട്ടതും, രോഗസൗഖ്യം പ്രാപിച്ചതും കേട്ടപ്പോൾ ഞാൻ ദൈവത്തെ സ്തുതിച്ചു.) ഇപ്രാവശ്യം അബുദാബി സി.എസ്.ഐ കൺവൻഷൻ വളരെ അനുഗ്രഹപ്രദമായിരുന്നു.









# പണപ്പിരിവ് വേണ്ട എന്ന് ഞാൻ പറയുവാനുള്ള കാരണം

എന്റെ നാട്ടിൽ (സേലം) എനിയ്ക്ക് സ്വന്തമായി ഒരു സ്ഥാപനമോ സഭയോ ഇല്ല. അനാഥാലയങ്ങളെ സാമൂഹ്യപ്രവർത്തനങ്ങളോ ഒന്നും എനിയ്ക്കില്ല. അതുകൊണ്ട് വിദേശരാജ്യങ്ങളിലെ പണവും എനിയ്ക്ക് ആവശ്യമില്ല. എന്നെ വിദേശദൈവവേലയ്ക്ക് ക്ഷണിയ്ക്കുന്ന സഭക്കാർ തന്നെ എന്റെ യാത്രാചെലവുകളുടെ ചുമതലയെടുക്കുന്നു. ഓരോ ദേശത്തും വിസ വാങ്ങാനുള്ള പണം അയയ്ക്കുന്നു. അതുകൊണ്ട് വിദേശങ്ങളിൽ പണപ്പിരിവ് നടത്തുന്നതിനുള്ള ആവശ്യം എനിയ്ക്ക് വരുന്നില്ല. കർത്താവിന് സ്തോത്രം. എനിയ്ക്ക് രണ്ട് മക്കളുണ്ട്. അവർ രണ്ടുപേരെയും നല്ല നിലയിൽ ദൈവം ഉയർത്തി. ഞാൻ സേലത്തിലുള്ള സി.എസ്.ഐ സഭയിൽ സാധാരണ അംഗമാണ്. എന്റെ വേലയിൽ പണച്ചെലവ് കൂടുതലായി വരുന്നത് മാസികയുടെ പ്രസിദ്ധീകരണത്തിന് മാത്രമാണ്. തമിഴിലും, മലയാളത്തിലും അച്ചടി ചെലവ്  പണം ഓരോ മാസവും ഞാൻ ചോദിയ്ക്കാതെ തന്നെ അയച്ചു തരുന്നുണ്ട്. കടം ഇല്ലാതെ എന്റെ ദൈവവേല വളരെ നന്നായി നടന്നുകൊണ്ടിരിയ്ക്കുന്നതുകൊണ്ട് പണത്തിനുവേണ്ടി വിദൂരദേശങ്ങളിൽ പോകേണ്ട ആവശ്യം എനിയ്ക്ക് വരുന്നില്ല. മറ്റു ദൈവവേലക്കാർ പണപ്പിരിനുവേണ്ടി പോകുന്നു. അവർക്ക് സ്ഥാപനങ്ങളും മറ്റ് ആവശ്യങ്ങളുമുണ്ടായിരിക്കും. അത് തെറ്റെന്ന് ഞാൻ പറയുന്നില്ല. അവരുടെ നിലപാട് വേറെ. എന്റെ വിളി വേറെ.

ഞാനും മറ്റു ചിലരായും തുടങ്ങിയ സ്ഥാപനമാണ് Tribal Mission ഉം Tribal Hospital ഉം ആദിവാസി കുട്ടികൾക്കുവേണ്ടി ആരംഭിച്ച Metriculation സ്കൂളും. ഇതിന്റെ നടത്തിപ്പിനായി ഒരു ബോർഡും കമ്മിറ്റിയും ഉണ്ട്. അതിന്റെ ജനറൽ സെക്രട്ടറി **ഡോ.മുരളീധരൻ** M.D  അവർകൾ. അദ്ദേഹം Tribal Mission നുവേണ്ടി തന്റെ ജീവിതത്തെ സമർപ്പിച്ച വ്യക്തിയാണ്. ഹോസ്പിറ്റലിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്കും നേഴ്സുമാർക്കും ടീച്ചർമാർക്കും മിഷനറിമാർക്കും കൊടുക്കാൻ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുമ്പോൾ വിദേശങ്ങളിൽ കൺവെൻഷന് ഡേറ്റ് കൊടുത്ത് കിട്ടുന്ന പണം അതുപോലെ തന്നെ ട്രൈബൽ മിഷന് വേണ്ടി ചെലവാക്കും. ഇതിനുവേണ്ടി ഇദ്ദേഹം അലയുന്നതും ഭാരത്തോടെ ഇതിന്റെ ആവശ്യങ്ങളെ മറ്റുള്ളവരോട് പറഞ്ഞ് പങ്കുവെയ്ക്കുന്നതും പ്രശംസിയ്ക്കപ്പെടുന്ന വിഷയമാണ്.  അദ്ദേഹത്തിന്റെ മക്കൾ വിവാഹിതരായി നല്ല പദവികളിലായിരിക്കുന്നു. മേൽപറഞ്ഞ സ്ഥാപനങ്ങളുടെ ആവശ്യത്തിനായും വിശ്വാസികളെ സന്ദർശിയ്ക്കാനായും ഇദ്ദേഹം വിദേശയാത്ര ചെയ്യുന്നുണ്ട്. ഇങ്ങനെയുള്ള ധനസമാഹരണത്തെ ഞാൻ തെറ്റെന്ന് പറയുന്നില്ല. എന്റെ ദൗത്യം വേറെ. ഡോക്ടർ മുരളീധരന്റെ വിളിയും ദൗത്യവും വേറെയാണ്.

## ഞാനും പണം വാങ്ങി

ഇപ്രാവശ്യം പോയ ദേശങ്ങളിൽ രണ്ട് സ്ഥലത്തിലുള്ളവർ എനിയ്ക്ക് പണം തന്നു. പ്രാർത്ഥിയ്ക്കുവാൻ വന്ന ചില കുടുംബങ്ങളും നിർബന്ധിച്ച് മാസികയ്ക്ക് വേണ്ടി പണം ഏല്പിച്ചു.  അതുവാങ്ങി വീട്ടിൽ വന്നശേഷം ഏകദേശം ഒരുലക്ഷം രൂപ ഡോ.മുരളീധരൻ അവർകൾക്ക് ട്രൈബൽ മിഷനുവേണ്ടി നവംബർ മാസം തന്നെ അയച്ചുകൊടുത്തു.

ട്രൈബൽ മിഷന്റെ പ്രവർത്തനത്തിനുവേണ്ടി സാമ്പത്തികമായ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ഡോ.മുരളീധരൻ അവർകളെ ബന്ധപ്പെടുക.

അഡ്രസ്സ് :

**Dr.Muralidar,M.D.,Ph:9443165080**
**Medical Superindent (General Secretary-Tribal Mission)**
**Anaikatti.Po**
**Coimbatore.Dt - 641 108.Tamil Nadu, INDIA**
**email: holytribe@hotmail.com**

**Tribal Mission**
**Iringole.Po,**
**Perumbavoor.**
**Ernakulam.Dt**
**Kerala - 683545. INDIA.**

## Bank details and address:

### സംഭാവന അയക്കുന്നവരുടെ ശ്രദ്ധയ്ക്ക്

ട്രൈബൽ മിഷന്റെ വേലയ്ക്കായി ധനസഹായം ചെയ്യുന്നവർ അത് മണിഓർഡറായോ, ചെക്കായോ, ഡ്രാഫ്റ്റായോ ഓഫീസിലേക്ക് അയയ്ക്കാവുന്നതാണ്.

താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ബാങ്കിലേക്ക് നേരിട്ടും പണം അയയ്ക്കാവുന്നതാണ്.

I AXIS BANK LTD., PERUMBAVOOR
SB A/C No. 910010028193291, *IFSC: UTIB 0000803*

II STATE BANK OF TRAVANCORE, PERUMBAVOOR
SB A/C No. 57041605654, *IFSC: SBTR 0000154*

III THE CATHOLIC SYRIAN BANK LTD., PERUMBAVOOR
SB A/C No. 0156-00705880-190001, *IFSC: CSBK 0000156*

**വിദേശനാണയത്തിലുള്ള Cheque, Draft, Money Transfer മുതലായവ മാത്രം**

IV INDIAN OVERSEAS BANK, PERUMBAVOOR
SB A/C No. 006901000008239, *IFSC: IOB - A - 0000069*
എന്ന A/C വഴി നൽകാവുന്നതാണ്.

V **മത സ്ഥാപനങ്ങളുടെ പേരിൽ പണമയയ്ക്കാൻ നിയമ തടസ്സമുള്ളവർ മാത്രം.**

Dr. K. MURALIDAR, THE CATHOLIC SYRIAN BANK, PERUMBAVOOR
SB A/C No. 0156-00706354-190001, *IFSC: CSBK 0000156*
എന്ന A/C വഴി നൽകാവുന്നതാണ്.

ട്രൈബൽ മിഷനിലേക്ക് സംഭാവന നേരിട്ട് ബാങ്കിലേക്ക് അയക്കുന്നവർ ദയവായി അതിന്റെ പൂർണ്ണ വിവരം മേൽവിലാസത്തോടെ ഓഫീസിൽ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. (ഫോൺ/ഇമെയിൽ/ലെറ്റർ) അല്ലാത്തപക്ഷം പ്രസ്തുത തുകയുടെ 30% നികുതിയായി അടയ്ക്കേണ്ടി വരുന്നതുകൊണ്ട് ദയവായി സഹകരിക്കുക.!

**ഞങ്ങളുടെ സ്ഥിരം മേൽവിലാസം**

TRIBAL MISSION
IRINGOLE P.O. PERUMBAVOOR - 683 545
ERNAKULAM Dist., KERALA, INDIA, Tel - No. 0484 - 2593866
e-mail : tribalmission@hotmail.com

# കൊടുക്കുന്ന ദൈവവേലയിൽ സ്ത്രീകളുടെ പങ്ക്

ദൈവത്തിനായി മനപ്പൂർവ്വമായും, ഉത്സാഹമായും, ധാരാളമായും കൊടുക്കുമ്പോൾ നാം ദൈവത്തെ ബഹുമാനിക്കുന്നു. കൊടുക്കുക എന്നതു ആത്മീയവരങ്ങളിൽ ഒന്നാണ്. കൊടുക്കുക എന്ന ചിന്ത എല്ലാവരിലും കാണപ്പെടുന്നില്ല. ഒരു വിശ്വാസി തന്നെ പൂർണ്ണമായി കർത്താവിനായി അർപ്പിക്കുമ്പോൾ നന്ദിയുള്ള ഹൃദയത്തോടെ ദൈവത്തിനായി കൊടുക്കാനുള്ള പ്രേരണയുണ്ടാകും. ഉത്സാഹമായി കൊടുക്കുന്നവനോട് കർത്താവിന് പ്രിയമുണ്ട്. നമ്മുടെ ദൈവത്തിൽ നിന്നു എണ്ണമില്ലാതവണ്ണം ആത്മീയ ശാരീരിക നന്മകളെ നാം പ്രാപിക്കുന്നതിനാൽ ആ ദൈവത്തെ നാം അധികമായി സ്നേഹിക്കുന്നതിനു അടയാളമായി എത്രത്തോളം കൊടുക്കാൻ കടമയുള്ളവരായിരിക്കുന്നു. സ്നേഹം നൽകിയ പിതാവു തന്റെ ഏകജാതനെ നമുക്കുവേണ്ടി കൊടുത്തു തന്റെ സ്നേഹം കാണിച്ചിരിക്കുന്നു. പുത്രൻ തന്റെ ജീവനെ തന്നെ നമുക്കായി നൽകി. വേദപുസ്തകത്തിൽ ദൈവത്തെ അധികമായി സ്നേഹിച്ച ചില സ്ത്രീകൾ കർത്താവിനായി മനഃപൂർവ്വമായും ഉത്സാഹമായും കൊടുത്തു എന്നു കാണാം. അവരെപ്പോലെ മനഃപ്പൂർവ്വമായി കൊടുക്കാൻ നമ്മെ ഉത്സാഹിപ്പിക്കും. നമ്മുടെ കുടുംബങ്ങളിൽ കൊടുക്കുന്നതിൽ മാതൃകയുള്ള സ്ത്രീകളുണ്ടെങ്കിൽ കൃപ വർദ്ധിക്കുകുയം നാം ഓരോരുത്തരും നല്ല മാതൃകയുള്ളവരായിക്കും ചെയ്യും

**1. സമാഗമനകൂടാരത്തിനു സഹായിച്ച സ്ത്രീകൾ (പുറ 35:22, 25, 26 38:8)**

ദൈവത്തിനു കാണിക്കകൊണ്ടുവന്നു അർപ്പിക്കുവാൻ മോശെ യിസ്രായേൽ മക്കളോടു പറഞ്ഞു. ഇതുകേട്ട ഉടൻ ഹൃദയത്തിൽ ഉത്സാഹവും മനസ്സിൽ താല്പര്യവും തോന്നിയവരെല്ലാം സമാഗമന കൂടാരത്തിന്റെ പ്രവൃത്തിക്കും അതിന്റെ സകലശുശ്രൂഷക്കും വിശുദ്ധ വസ്ത്രങ്ങൾക്കും വേണ്ടി കർത്താവിനു കാണിക്കകൾ കൊടുത്തു. ഇതിൽ സ്ത്രീകളുടെ പങ്കിനെ പരിശുദ്ധാത്മാവ് പ്രത്യേകരീതിയിൽ ഇവിടെ പറഞ്ഞിരിയ്ക്കുന്നു. സാമർത്ഥ്യമുള്ള സ്ത്രീകളും ഔദാര്യമനസ്സുള്ള ഉണർവ്വുമുള്ള സകല സ്ത്രീകളും അവരുടെ സകലവിധ പൊന്നാഭരണങ്ങളും തങ്ങളുടെ കൈകളാൽ നിർമ്മിച്ച നൂലുകൾ, പിരിച്ച നൂലുകൾ ഇവകളെ കൊടുത്തു. മാത്രവുമല്ല സമാഗമന കൂടാരവാതിൽക്കൽ കൂട്ടം കൂടിയ സ്ത്രീകൾ തങ്ങളുടെ മുഖം നോക്കുന്നതിനു കണ്ണാടിയായി ഉപയോഗിച്ച തങ്ങളുടെ ദർപ്പണങ്ങൾ കാണിക്കയായി കൊടുത്തു. അതുപയോഗിച്ചു മോശെ താമ്രത്തൊടിയും അതിന്റെ താമ്രക്കാലും ഉണ്ടാക്കി. പുരോഹിതന്മാർ പരിശുദ്ധ സ്ഥലത്തിലേക്കു പ്രവേശിക്കുന്നതിനു മുമ്പ് താമ്രതൊട്ടിയിൽ നിന്നു വെള്ളം എടുത്തു തങ്ങളുടെ കാലുകൾ കഴുകാൻ ഉപയോഗിച്ചു. നല്ല മനസ്സോടെ മാത്രം കാണിക്ക വാങ്ങാൻ ദൈവം മോശെയോടു കല്പിച്ചു (പുറ 25:1). കാരണം ദൈവത്തിനു നാം കൊടുക്കുന്ന വിഷയത്തിൽ നല്ല മനസ്സു നമുക്കു ആവശ്യമാണെന്നു പരിശുദ്ധാത്മാവു ഊന്നിപ്പറയുന്നു. ഈ യെഹൂദ സ്ത്രീകളെപ്പോലെ ദൈവവേലയ്ക്കായി നാം നല്ല മനസ്സോടെയും ഉത്സാഹത്തോടെയും കൊടുക്കുന്നുണ്ടോ? കുടുംബത്തിൽ ഭാര്യമാരും, അമ്മമാരും ദൈവത്തിനു ധാരാളമായി കൊടക്കുന്നവരായിരുന്നാൽ പുരുഷന്മാരും കുഞ്ഞുങ്ങളും കൊടുക്കുന്ന കൃപയിൽ വളർന്നു വർദ്ധിക്കും. അന്നു ആ യെഹൂദസ്ത്രീകൾ നല്ല മനസ്സോടെ കൊടുത്ത കാണിക്ക മതിയായതായിരുന്നു. ദൈവം അതിൽ ഇഷ്ടപ്പെട്ടതുകൊണ്ട് സമാഗമനകൂടാരം മോശെ സ്ഥാപിച്ചപ്പോൾ ദൈവമഹത്വം സമാഗമന കൂടാരത്തെ നിറച്ചു. ഇപ്രകാരം നമ്മുടെ വീടുകളിൽ ദൈവമഹത്വം നിറഞ്ഞുനിന്നാൽ

അവരെപ്പോലെ നാം ഉത്സാഹത്തോടെ കൊടുക്കാൻ പഠിക്കും.

**2. തന്റെ മകനെ ദൈവത്തിനായി ഏല്പിച്ച ഹന്ന (1 ശമു 1:28)**

ഹന്ന കർത്താവിനു വേണ്ടി ചോദിച്ചു വാങ്ങിയ തന്റെ മകൻ ശമുവേലിനെ താൻ ചെയ്ത അപേക്ഷ അനുസരിച്ചു അവന്റെ ജീവപര്യന്തം ദൈവാലയത്തിൽ പുരോഹിതനായ ഏലിയോടൊപ്പം ദൈവവേലക്കായി കൊണ്ടുവിട്ടു. കുഞ്ഞു പാൽകുടി മാറിയ ഉടനെ അതായതു അപ്പോഴും കുഞ്ഞായിരിക്കുമ്പോൾ തന്നെ അവനെ കർത്താവിനായി ഏല്പിച്ചു കൊടുത്തു. ഒരുപക്ഷേ അവൻ വളർന്നശേഷം ദൈവവേലയ്ക്കായി പോകാൻ സമ്മതിക്കയില്ലെങ്കിലോ എന്ന ഭയം ഉണ്ടായിരുന്നേക്കാം. അതല്ലെങ്കിൽ മകൻ വളരെക്കാലം തന്നോടൊപ്പം ആയിരുന്നാൽ തനിക്ക് ആ കുഞ്ഞിന്മേൽ അധികസ്നേഹം ഉണ്ടായാൽ വിട്ടുപിരിയാൻ വളരെയധികം ബുദ്ധിമുട്ടുണ്ടാകുമെന്ന ഭയത്താലും ആയിരിക്കാം. എങ്ങനെയായാലും ദൈവസന്നിധിയിൽ ചെയ്ത നേർച്ചയ്ക്കു കാലതാമസം വരുത്താതെ ഉടനെ നിറവേറ്റാൻ പരിശ്രമിച്ചു. ഏതു വയസ്സിലായാലും തന്റെ കുഞ്ഞിനെ വിട്ടുപിരിഞ്ഞിരിക്കാൻ മാതാവിനു സാധിക്കാത്ത വേദനയാണെങ്കിൽ പോലും ഹന്ന തന്റെ കുഞ്ഞിനെക്കാൾ ദൈവത്തെ അധികമായി സ്നേഹിച്ചതുകൊണ്ടു നല്ല മനസ്സോടെ തന്റെ കുഞ്ഞിനെ കൊടുത്തു ദൈവത്തെ ബഹുമാനിക്കാൻ അവൾ ശ്രമിച്ചു. അതു അവൾ കൊടുത്ത വലിയ വില. കുഞ്ഞിനെ ദൈവലായത്തിൽ കൊണ്ടുവിട്ടശേഷം അതോർത്തവൾ വ്യാകുലപ്പെട്ടില്ല; കരഞ്ഞില്ല. മറിച്ചു ദൈവത്തിൽ സന്തോഷിച്ചു ദൈവത്തെ പാടി സ്തുതിച്ചു. കർത്താവിനു വേണ്ടി എന്തുമാത്രം തന്നെത്തന്നെ അർപ്പിച്ച അത്ഭുതമായ ഒരു സ്ത്രീയായിരുന്നു ഹന്ന. പ്രിയ മാതാക്കളേ, നമ്മുടെ മക്കളെ ദൈവവേലയ്ക്കായി അർപ്പിക്കാൻ ക്ഷണം ഉണ്ടാകുമ്പോൾ ഹന്നയെപ്പോലെ പൂർണ്ണമനസ്സോടെ അവരെ അർപ്പിച്ചു ദൈവത്തെ സ്തുതിക്കാമോ? അങ്ങനെ ചെയ്താൽ ഹന്നയ്ക്കു ലഭിച്ച അനുഗ്രഹം നമുക്കും ലഭിക്കും. കർത്താവിനായി ഒരു കുഞ്ഞിനെ കൊടുത്ത ഹന്നയ്ക്കു ദൈവം വീണ്ടും മൂന്നു ആൺമക്കളെയും രണ്ടു പെൺമക്കളെയും കൊടുത്തു; ദൈവം ആർക്കും കടക്കാരനല്ല. നാം നല്ല മനസ്സോടെ ദൈവത്തിന് എന്തുകൊടുത്താലും അതിനെ പതിന്മടങ്ങായി നമുക്ക് തന്നെ മടക്കി നല്കും.

**3. തങ്ങളുടെ വസ്തുവകകൾ കൊടുത്ത് ദൈവവേല ചെയ്ത സ്ത്രീകൾ (ലൂക്കോ 8:3)**

യേശുക്രിസ്തു ഈ ലോകത്തിൽ മനുഷ്യനായി ജീവിച്ചപ്പോൾ പട്ടണങ്ങൾതോറും ഗ്രാമങ്ങൾ തോറും തന്റെ ശിഷ്യന്മാരോടൊപ്പം പോയി ദൈവരാജ്യത്തെക്കുറിച്ചുള്ള സുവിശേഷം അറിയിച്ചിരുന്നു. അപ്പോൾ അവരുടെ ക്ഷീണം മാറി ആശ്വാസം ലഭിക്കാനും ഭക്ഷണം ഉണ്ടാക്കാനും അവരോടു ചില സ്ത്രീകളും ചെന്നു കൃത്യസമയത്തു അവർക്ക് ആഹാരവും മറ്റു സൗകര്യങ്ങളും ഒരുക്കി. ഈ ദൈവവേലചെയ്യുന്നതിനു തങ്ങളുടെ വസ്തുവക കൊണ്ടുവന്നു ദൈവത്തിനായി ധാരാളമായി കൊടുത്തു. യഹോവയെ നിന്റെ ധനംകൊണ്ടും എല്ലാ വിളവിന്റെയും ആദ്യഫലം കൊണ്ടും ബഹുമാനിക്ക - സദൃ 3:9 എന്ന വചനാനുസൃതം തങ്ങളുടെ വയലുകളിലും മുന്തിരിത്തോട്ടങ്ങളിലും വിളഞ്ഞവയെയും തങ്ങളുടെ തൊഴുത്തുകളിലുള്ള ആടുമാടുകളെയും മറ്റു വിധത്തിൽ ദൈവം തങ്ങൾക്ക് കൊടുത്ത എല്ലാ വസ്തുവകകളെയും മനഃപൂർവ്വമായി കൊടുത്തു ദൈവത്തെ ബഹുമാനിച്ചു. ഇവരെല്ലാം ഇങ്ങനെ ദൈവത്തിന്റെ വേലയ്ക്കായി തങ്ങളെ അർപ്പിക്കാൻ കാരണം ആ സ്ത്രീകളിൽ ചിലരിൽ നിന്നു അശുദ്ധാത്മാക്കളെയും രോഗങ്ങളെയും യേശുക്രിസ്തു നീക്കി അവരെ സൗഖ്യമാക്കി എന്നുള്ളതാണ്. ഏഴു പിശാചു മാറി സുഖമായ മഗ്ദലന മറിയയും അവരിൽ ഒരുത്തിയായിരുന്നു. ആർക്കും അധികം ക്ഷമിക്കപ്പെട്ടുവോ അവൻ

അധികം സ്നേഹിക്കും (ലൂക്കോ 7:43). പാപകുഷ്ഠരോഗത്താൽ പിടിക്കപ്പെട്ടിരുന്ന നമ്മെ സുഖമാക്കിയ നമ്മുടെ രക്ഷകനെ ബഹുമാനിക്കാൻ നാം എന്തു വില കൊടുത്തിട്ടുണ്ട്? ഓരോ ദിവസവും ദൈവത്തിൽ നിന്നു എണ്ണിയാൽ തീരാത്ത നന്മകളെ പ്രാപിച്ചു അനുഭവിക്കുന്ന നമ്മെ ദൈവം ലോകപ്രകാരമുള്ള നന്മകളാൽ അനുഗ്രഹിച്ചിരിക്കേ, അതിലെ ഭൂരിഭാഗത്തെ ദൈവവേലയ്ക്ക് കൊടുക്കാൻ മുന്നോട്ട് വരുന്നുണ്ടോ? നമ്മെ നമുക്ക് തന്നെ പരിശോധിക്കാം.

**4. ദൈവത്തിനായി തന്റെ വീടുകൊടുത്ത ലുദിയ (അപ്ര 16:15)**

ലുദിയ ദൈവത്തെ ആരാധിക്കുന്നവളായിരുന്നെങ്കിലും രക്ഷിക്കപ്പെട്ടിരുന്നില്ല. പതിവായി സ്ത്രീകൾ കൂടിവരുന്ന ആറ്റിനടുത്തുള്ള പ്രാർത്ഥനാസ്ഥലത്ത് ലുദിയയും പോയി. പൗലൊസ് പറഞ്ഞവ കേൾക്കത്തക്കവണ്ണം ദൈവം അവളുടെ ഹൃദയം തുറന്നു; അവൾ രക്ഷിക്കപ്പെട്ടു. അതിനു ശേഷം പൗലൊസിനെയും ശീലാസിനെയും തന്റെ വീട്ടിലേക്കു ക്ഷണിച്ചുകൊണ്ടുപോയി തന്റെ വീട്ടുകാരും ഇവർ മുഖാന്തിരം സുവിശേഷം കേൾക്കാനിടയാക്കി; അവരും രക്ഷിക്കപ്പെട്ടു. അതിനുശേഷം അവളും അവളുടെ വീട്ടുകാരും ജ്ഞാനസ്നാനം സ്വീകരിച്ചു. അപ്പോൾ ലുദിയ ശിഷ്യന്മാരെ നോക്കി എന്നെ കർത്താവിൽ വിശ്വസ്ത എന്നു എണ്ണുകയാണെങ്കിൽ എന്റെ വീട്ടിൽ വന്നു അവിടെ താമസിക്കണം എന്നു അവരോടു നിർബന്ധിച്ചു അപേക്ഷിച്ചു. ഇവർ ആ വീട്ടിൽ താമസിച്ചതുകൊണ്ട് പുതുതായി രക്ഷിക്കപ്പെട്ട ലുദിയയുടെ വീട്ടുകാർ ശിഷ്യന്മാർ മുഖാന്തിരം ആത്മീയവചനങ്ങൾ അറിഞ്ഞു, കർത്താവിൽ വളരാനും പൗലൊസ് മുഖാന്തിരം ആത്മീയസത്യങ്ങൾ കേട്ടു മനസ്സിലാക്കാൻ ഒരു അവസരം ലഭിച്ചു. ഏതായാലും ലുദിയ ആദ്യമായി തന്റെ ഹൃദയത്തെ കർത്താവിനായി തുറന്നുകൊടുത്തു. പിന്നീട് തന്റെ വീടിനെ തന്നെ ദൈവവേലക്കായി കൊടുത്തു. പൗലോസും ശീലാസും ജയിലിൽ നിന്ന് പുറത്തു വന്ന ഉടൻ ലുദിയയുടെ വീട്ടിൽ പോയി. സഹോദരനെ കണ്ടശേഷം അവരെ ആശ്വസിപ്പിച്ചു പോയി. ഇതു മുഖാന്തിരം അവളുടെ വീടു ദൈവമക്കൾക്ക് കൂടി പ്രാർത്ഥിക്കുന്നതും, സുവിശേഷം അറിയിക്കുന്ന സ്ഥലമായും ദൈവവേലക്കാർ വന്നു താമസിക്കുന്ന സ്ഥലമായും മാറി എന്നതു നാം അറിയുന്നു. ഇപ്രകാരം നമ്മുടെ വീടും ദൈവമക്കൾക്കു സുവിശേഷം അറിയിക്കുന്നതിനും നല്ല സന്തോഷകരമായ സ്വീകരണം നല്കുന്ന ഭവനമായി മാറാനും നമ്മെയും നമ്മുടെ വീടിനെയും ദൈവത്തിനായി അർപ്പിക്കാം.

**5. ദൈവവേലക്കായി തന്റെ ജീവനെപ്പോലും കൊടുക്കാൻ തുനിഞ്ഞ പ്രസ്ക്കില്ല (റോമ 16:4,5)**

അക്വിലാസും അവന്റെ ഭാര്യ പ്രസ്ക്കില്ലയും പൗലോസിന്റെ മിഷണറിയാത്രയിൽ അവനോടൊപ്പം കൊരിന്തിയിലും എഫസോസിലും താമസിച്ചു ദൈവവേല ചെയ്തതായി കാണുന്നു. അവിടെ പൗലോസിനു നേരിട്ട കഷ്ടങ്ങളിലും എതിരാളികൾ അവനെ കൊല്ലാൻ ശ്രമിച്ചപ്പോഴും പ്രിസ്ക്കില്ല തന്റെ ഭർത്താവിനോടൊപ്പം പൗലോസിനു വേണ്ടി തങ്ങളെത്തന്നെ കൊടുക്കാൻ തുനിഞ്ഞു എന്നു പൗലൊസ് തന്നെ സാക്ഷി പറയുന്നു. അവരെപ്പറ്റി പൗലൊസ് മാത്രമല്ല, പുറജാതിക്കാരിൽ ഉണ്ടായ സഭക്കാർ എല്ലാവരും പ്രിസ്ക്കില്ലാ ദമ്പതികൾക്കു നന്ദിയറിയിക്കുന്നവരായിരിക്കുന്നു. കാരണം അവർ തങ്ങളെത്തന്നെ കർത്താവിനായി അർപ്പിച്ചു. പിന്നീടു ദൈവത്തിന്റെ വേലയ്ക്കായി തങ്ങളുടെ വീട് തുറന്നു കൊടുത്തു. പൌലോസ് കൂടാരം പണിചെയ്യുന്ന വ്യക്തി ആയിരുന്നതുകൊണ്ട് കൊരിന്ത്യ പട്ടണത്തിൽ അവനെ തങ്ങളോടൊപ്പം താമസിക്കാൻ അനുവദിച്ചു. എഫസോസ് പട്ടണത്തിൽ വച്ചു കാണാനിടയായ അപ്പല്ലോസിനെ

തങ്ങളോടൊപ്പം ചേർത്തുകൊണ്ടു അവനെ ദൈവീകകാര്യങ്ങൾ പഠിപ്പിച്ചു വന്നു. തങ്ങളുടെ വീട്ടിൽ അക്കാലത്തിൽ ഒരു സഭ കൂടിവരാൻ തക്കവണ്ണം റോമയിൽ തങ്ങളുടെ വീടു തുറന്നു കൊടുത്തു. അവസാനം പൗലൊസിന്റെ ജീവനെ രക്ഷിക്കാനായി തങ്ങളുടെ കഴുത്തിനെ ധൈര്യമായി കൊടുത്തു. ഇപ്രകാരം തങ്ങളെ സമർപ്പിച്ചു നല്ല മനസ്സോടെ കൊടുക്കുന്നതിനു ഭാര്യയായ പ്രിസ്ക്കില്ല പൂർണ്ണസമ്മതം നൽകിയത് തന്റെ ഭർത്താവായ അക്വില്ലാസിന്റെ പിൻബലത്തിന്റെ കൂടെയായിരുന്നു. മുഖ്യകാരണം, ഈ ഭാര്യ വാസ്തവത്തിൽ തന്റെ ഭർത്താവിന്റെ കിരീടമായി ജീവിച്ചു. ഇപ്രകാരമുള്ള ഭാര്യമാർ ഇന്നു വിശ്വാസകുടുംബങ്ങൾക്കു വളരെ ആവശ്യം.

പ്രിസ്ക്കില്ലയുടെ കാലത്ത് ക്രിസ്ത്യാനികൾക്ക് കൂടുതൽ ഉപദ്രവം ഉണ്ടായിരുന്നു. ആ കാലത്തിൽ രണ്ടു കല്ലറകളിൽ പ്രിസ്ക്കില്ല ആരാധന നടത്തിയിരുന്നതായി കണ്ടുപിടിച്ചിരിക്കുന്നു. ആ കല്ലുകളിൽ പ്രിസ്ക്ക്ഡും എന്ന് എഴുതിയിരിക്കുന്നതിനെ കണ്ടെത്തി; ഇവിടെ കല്ലറ എന്നു പറയുന്നത് അക്കാലത്തിൽ യേശുവിന്റെ ശരീരം വച്ച കല്ലറ പോലെ വളരെ വിശാലമായതും ഒരു വലിയ മുറിയായും വയ്ക്കുന്നതാണ് പതിവ്. രഹസ്യ ആരാധന നടത്താൻ അതു പ്രിസ്ക്കില്ല തെരഞ്ഞെടുത്തു. ഇതു ചരിത്രം വെളിപ്പെടുത്തുന്ന സത്യങ്ങളായിരുന്നു. അന്നത്തെ കാലത്തു ഇതുപോലെ ധാരാളം സ്ത്രീകൾ ദൈവവേല ചെയ്തിട്ടുണ്ടെങ്കിലും ഇവർ ആരും തന്നെ ഇടയനായി – മേയ്പ്പനായി (അച്ചൻ / പാസ്റ്റർ) പ്രവർത്തിച്ചതായി സഭാ ചരിത്രത്തിലും തെളിവില്ല.

ഇങ്ങനെ നാം ചിന്തിച്ച ഈ അഞ്ചു വിധമായ സ്ത്രീകളും കർത്താവിനായി എങ്ങനെ നല്ല മനസ്സോടെ പലവിധങ്ങളിൽ കൊടുത്ത് സഹായിച്ചു ദൈവത്തെ ബഹുമാനിച്ചു എന്നു നാം കണ്ടു. ദൈവം നമ്മെ പ്രേരിപ്പിക്കുന്ന വിധത്തിൽ ജ്ഞാനം പ്രാപിച്ചു ഉത്സാഹമായി കർത്താവിനായി നമ്മെയും നമ്മുടെ കുടുംബങ്ങളിലും ഉള്ളതെല്ലാം ധാരാളമായി കൊടുക്കാൻ മുമ്പോട്ടു വരാം. **വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നതു ഭാഗ്യം.**

## മധുര സി.എസ്.ഐ ഡയോസിസ് പത്തലഗുണ്ടു കൺവെൻഷൻ






ഈ സ്ഥലത്തിൽ നടന്ന കൺവെൻഷൻ, മൈതാനത്തിൽ വച്ച് നടത്താനുള്ള ക്രമീകരണം ചെയ്തിരുന്നു. യോഗം തുടങ്ങുന്നതിന് മുമ്പ് മഴ കാരണം മണ്ഡപത്തിനുള്ളിൽ യോഗം നടത്തി. ദൈവനാമം മഹത്വപ്പെട്ടു. എഫ്.എം.പി.ബി റവ.കോയിൽ രാജ് അവർകൾ, ഹിമാചൽ പ്രദേശത്തിൽ പള്ളി പണിയുന്നതിനുള്ള നേതൃത്വത്തെക്കുറിച്ചും അതിന്റെ ആവശ്യകതയെക്കുറിച്ചും വ്യക്തമായി അറിയിച്ചു. ഇന്ത്യയിൽ ഹിമാലയപ്രദേശത്തിൽ മതപ്രചരണം നിയമപ്രകാരം തടഞ്ഞിരിക്കുന്നു. പക്ഷേ ഈ പ്രദേശത്തിൽ ധാരാളം പേർ സ്നാനമേറ്റ് ആരാധനയ്ക്ക് വരുവാൻ തുടങ്ങി.യതായും പറഞ്ഞു.

# ‘ശരി’യായ തെറ്റുകളും തെറ്റായ ‘ശരി’കളും

ശബ്ബത്തുനാളായ ഇന്നു കിടക്ക എടുത്തു നടക്കുന്നതു നിയമത്തിനു എതിരായ പ്രവൃത്തി – യെഹൂദന്മാർ.

യേശു അവനെ നോക്കി: “എഴുന്നേറ്റു നിന്റെ കിടക്ക എടുത്തു നടക്ക” എന്നു പറഞ്ഞു.

ഇപ്രകാരം യേശു ശബ്ബത്തുനാൾ ചട്ടത്തെ ലംഘിച്ചു. അതുകൊണ്ടു യെഹൂദന്മാർ യേശുവിനെ കൊല്ലാൻ വളരെയധികം പരിശ്രമിച്ചു. (യോഹ 5:8-18).

‘ശരി’യായ തെറ്റുകളും തെറ്റായ ‘ശരി’കളും എന്ന തലക്കെട്ടു വായിച്ച ഉടനെ ആശയക്കുഴപ്പത്തിലായി ചിലരുടെ തലകൾ ഈ ഭൂമിയോടൊപ്പം ചേർന്നു ചുറ്റും എന്നു ഞാൻ കരുതുന്നു. നാമെല്ലാം തെറ്റു ചെയ്യുന്നു. തെറ്റ് ചെയ്യുന്നതു തെറ്റു തന്നെ. എന്നാൽ നാം ഒരു തെറ്റി ചെയ്തിട്ടു ആ തെറ്റിൽ നിന്നും ഏതെങ്കിലും ഒരു ജീവിതപാഠം പഠിക്കുമെങ്കിൽ ആ തെറ്റു തെറ്റല്ല എന്നു ഒരാൾ പറയുന്നു.

പൊതുവിൽ നാം ഒരു തെറ്റു ചെയ്താൽ അതിനെത്തുടർന്നു മറ്റൊരു തെറ്റു നടക്കും. ഉദാഹരണമായി, സ്കൂട്ടർ, കാർ ഇവ ഓടിക്കുമ്പോൾ ഒരു തെറ്റു ചെയ്യുന്നു. ഉടനെ എന്തു നടക്കുന്നു? നമ്മുടെ മനസ്സിനുള്ളിൽ നാം അസ്വസ്ഥരായിത്തീരുന്നു. അതുകൊണ്ടു ഒരു തെറ്റിനെത്തുടർന്ന് മറ്റൊരു തെറ്റും നടക്കുന്നു. ഇതു നമ്മുടെ അന്നന്നുള്ള ജീവിതത്തിൽ പല തവണ അനുഭവിച്ചിരിക്കുന്നു; ഇതു എനിക്കു മാത്രമല്ല, ഇതു എല്ലാവർക്കും യോജിക്കുന്ന കാര്യമാണ്.

ഒരിയ്ക്കൽ ഞാൻ എന്റെ മകൾ പഠിച്ചിരുന്ന കോളേജ് ഓഫീസിൽ അവളുടെ Conduct Certificate വാങ്ങുന്നതിനായി പോയിരുന്നു. അതു അവർ തന്നപ്പോൾ അതിൽ ജനനത്തീയതിയിൽ ഒരു തെറ്റുണ്ടായിരുന്നു. “ഒരു തെറ്റിരുന്നാൽ പൊതുവിൽ മറ്റൊരു തെറ്റും ഉണ്ടായിരിക്കും. അല്പം Check ചെയ്തു തരണം” എന്നു ഓഫീസിൽ അറിയിച്ചു അരമണിക്കൂർ കഴിഞ്ഞു വരാമെന്നും ഞാൻ പറഞ്ഞു. അതുപോലെ Conduct Certificate വാങ്ങാൻ ഞാൻ മടങ്ങി വന്നപ്പോൾ ഓഫീസിലുള്ള ആൾ എന്നെ നോക്കി “അതേ സാർ, താങ്കൾ പറഞ്ഞതുപോലെ മറ്റൊരു തെറ്റും ഉണ്ടായിരുന്നു. അതിനേയും തിരുത്തി; സാറിനു വളരെ അനുഭവം ഉണ്ടെന്നു” പറഞ്ഞു തന്നു.

ഏതായാലും നിങ്ങളുടെ ജീവിതത്തിൽ എവിടെയെങ്കിലും ഏതെങ്കിലും ഒരു തെറ്റു നടന്നാൽ ഉടനെ “ജാഗ്രതയോടിരിപ്പിൻ. നടന്നവ നടന്നവയായിത്തന്നെ ഇരിക്കട്ടെ. ഇനി നടക്കേണ്ടവ നല്ലതായിരിക്കട്ടെ” എന്നു നിങ്ങൾക്കുള്ളിൽ തന്നെ പറഞ്ഞുകൊണ്ടിരിയ്ക്കുക.

ചില സമയങ്ങളിൽ നാം തെറ്റു ചെയ്തു എന്നു ചിന്തിച്ചു ഭാരപ്പെടുന്നു. എന്നാൽ അതു തെറ്റല്ല. അതു ശരി എന്നു ചില നാളുകൾ കഴിഞ്ഞു ചില സംഭവങ്ങൾ മൂലം മനസ്സിലാകും. ഉദാഹരണമായി ചില വിമാന അപകടങ്ങൾ, ട്രെയിൻ അപകടങ്ങൾ, ബസ് അപകടങ്ങൾ ഇവയെപ്പറ്റി പത്രങ്ങളിൽ വരുന്ന വാർത്തകൾ വായിച്ചാൽ ഇതു മനസ്സിലാകും. ഏതോ ഒരു തെറ്റിനാൽ, ഒരാൾ അപകടത്തിലായ ബസിൽ കയറാതിരുന്നേക്കാം. ടിക്കറ്റു നശിപ്പിച്ചിരിക്കാം. ഏതായാലും ആ വാഹനങ്ങളിൽ കയറാൻ സാധിച്ചില്ല. ആ ബസ്, ട്രെയിൻ അപകടത്തിലായി. അതിൽ യാത്ര ചെയ്ത എല്ലാവരും മരിച്ചുപോയി. ഇദ്ദേഹം ചെയ്ത തെറ്റിനാൽ തന്റെ ജീവനെ സംരക്ഷിക്കാൻ കഴിഞ്ഞു. ഇപ്രകാരമുള്ള തെറ്റുകളെയാണു ഞാൻ ‘ശരിയായ തെറ്റുകൾ’ എന്നു വിളിക്കുന്നത്. ചില സമയങ്ങളിൽ ശാസ്ത്രജ്ഞന്മാർ പോലും ഒരു പരീക്ഷണം നടത്തുമ്പോൾ

ചില തെറ്റുകൾ ചെയ്യും. എന്നാൽ ആ തെറ്റു അവരുടെ ഒരു പുതിയ കണ്ടുപിടിത്തത്തിനായുള്ള ഏണിയായിത്തീരും. ചില തെറ്റുകൾ 'ശരിയായ തെറ്റുകൾ' ആരംഭത്തിൽ തെറ്റുപോലെതോന്നും. എന്നാൽ മുന്നോട്ടു പോകുന്തോറും അതു തെറ്റല്ല, അതു പൂർണ്ണമായി ശരിയാണെന്നുള്ളതു നാം എളുപ്പത്തിൽ മനസ്സിലായിരിക്കും. വേദപുസ്കത്തിൽ താഴെ കാണിച്ചിട്ടുള്ള ഭാഗങ്ങളിൽ ഇതുപോലെയുള്ള തെറ്റുകളെപ്പറ്റി നാം വായിക്കുന്നു.

**I. ശരിയായ തെറ്റുകൾ**

1. ശബ്ബത്തുനാളിൽ ജോലി ചെയ്യുന്നതു നിയമാനുസൃതം കുറ്റം.

യേശു അതിനെ ധൈര്യമായി എതിർത്തു പ്രവർത്തിച്ചു. (യോഹ 5:18, മർ 2:27, 28) അതിനു പുതിയ വിശദീകരണം കൊടുത്തു.

2. ദാവീദു വിശപ്പു നിമിത്തം പുരോഹിതന്മാർ മാത്രം ഭക്ഷിക്കേണ്ട വിശുദ്ധ അപ്പങ്ങൾ ഭക്ഷിച്ചു. (1 ശമു 21:6).

3. ഹോശേയ പ്രവാചകന്റെ വിവാഹം (1:2)

4. ശാസ്ത്രികൾ ഹോരോദാ രാജാവിനു കൊടുത്ത വാക്കു ലംഘിച്ചു (മത്തായി 2:10)

**II. ശബ്ബത്തുനാളിൽ സൗഖ്യമാക്കിയത്**

പഴയനിയമത്തിൽ ശബത്തുനാളിനെക്കുറിച്ച് ഏറെക്കുറെ മുപ്പത്തിമൂന്ന് കല്പനകൾ നൽകപ്പെട്ടിരിക്കുന്നു. 'ശബ്ബത്തുനാൾ ഒരു വിശുദ്ധ ദിവസം - വിശ്രമിക്കുന്ന ദിവസം. അന്നു ജോലി ചെയ്യുന്നവൻ ഏവനും കൊല്ലപ്പെടണം. ശബ്ബത്തുനാളിൽ നിങ്ങളുടെ വീടുകളിൽ തീ കത്തിക്കാൻ പാടില്ല.' (പുറ 35:2,3).

ഈ 21–ാം നൂറ്റാണ്ടിലും യിസ്രായേൽ രാജ്യത്തിൽ ജീവിക്കുന്ന യെഹൂദന്മാർ വെള്ളിയാഴ്ച രാത്രി 12 മണി മുതൽ ശനിയാഴ്ച രാത്രി 12 മണിവരെ - ഈ ശബ്ബത്തുനാളിനെ നൂറ്റിനുനൂറു അങ്ങനെ തന്നെ അനുസരിച്ചുവരുന്നു. ഇന്നു പോലും ഇങ്ങനെയുള്ള നിലയാണെങ്കിൽ യേശുക്രിസ്തു ജീവിച്ച 2000 വർഷങ്ങൾക്കു മുമ്പുള്ള നില എന്തുമാത്രം കടുപ്പമായിരിക്കും എന്നു നമുക്കു ലളിതമായി സങ്കൽപ്പിക്കാം. ശബ്ബത്തുനാളിൽ തന്നെ സൗഖ്യമാക്കുന്ന ദൈവവേല ചെയ്താൽ അതിന്റെ അനന്തരഫലങ്ങൾ എന്തായിരിക്കും. പാരമ്പര്യം എന്ന കുട്ടയിൽ അകപ്പെട്ടു കിടക്കുന്ന യെഹൂദന്മാർ ഇതിനെ തീർച്ചയായും എതിർക്കും എന്നു യേശു നല്ലവണ്ണം അറിഞ്ഞിരുന്നു. ശബ്ബത്തുനാളിൽ വീട്ടിൽ ഭക്ഷണം പാകം ചെയ്യാൻ പാടില്ല എന്ന മതനിയന്ത്രണത്തിന്റെ സാഹചര്യത്തിൽ ഒരു രോഗശാന്തി ശുശ്രൂഷ നടത്തി, ജനങ്ങളെ സൗഖ്യമാക്കുന്നതു യെഹൂദമതത്തലവന്മാർ ഭയങ്കരമായി എതിർക്കും. തീർച്ചയായും ഇതു ഒരു ചർച്ചാവിഷയമായ പ്രവൃത്തി. ഇങ്ങനെയാണെങ്കിലും യേശു അതിനെ ധൈര്യമായും അതേ സമയം യാതൊരു മടിയുമില്ലാതെ ചെയ്തു. എന്നാൽ അതു വീമ്പു കാണിക്കാനോ – കൺമൂടത്തക്കവണ്ണമോ ചെയ്തില്ല എന്നതു പ്രത്യേകം എടുത്തു പറയത്തക്കതാകുന്നു.

ശബ്ബത്തു ദിവസത്തിനു വളരെ നല്ലതും എന്നാൽ ആർക്കും എതിർക്കാൻ സാധ്യമല്ലാത്തതും എല്ലാവരും എളുപ്പത്തിൽ മനസ്സിലാക്കുന്നതുമായ വ്യാഖ്യാനം യേശു നൽകുന്നു. "ശബ്ബത്തു നാളിനെ വിശുദ്ധമായി ആചരിക്കുക" എന്നുള്ള മോശയുടെ പ്രമാണത്തിൽ അടങ്ങിയിട്ടുള്ള വാസ്തവമായ അർത്ഥത്തെ യേശു വിവരിച്ചു. ശബ്ബത്തു ദിവസം നിന്റെ ആടു, മാടു അല്ലെങ്കിൽ നിന്റെ കുഞ്ഞു ഒരു കുഴിയിൽ വീണാൽ ശബ്ബത്തു നാൾ തീരും വരെ നീ

കാത്തിരിക്കുമോ? തീർച്ചയായും ഇല്ല. ഒരു മൃഗത്തിന്റെ ജീവനോ ഒരു മനുഷ്യന്റെ ജീവനോ ആപത്തിൽ ഇരിക്കുമ്പോൾ ആ ജീവനെ രക്ഷിക്കുന്നതിനായി ശബ്ബത്തുനാളിൽ ജോലി ചെയ്യുന്നതിൽ തെറ്റില്ല. ഈ സാധാരണ സത്യത്തെയാണു യേശു ജനങ്ങളെ പഠിപ്പിക്കാൻ ആഗ്രഹിച്ചത്. എന്നാൽ അവർ ഇന്നുവരെ അത് സ്വീകരിച്ചിട്ടേയില്ല.

യേശു ജനിക്കുന്നതിനു പല വർഷങ്ങൾക്കു മുമ്പു പല രാജ്യക്കാർ യഹൂദന്മാരെ ഭരിച്ചിരുന്നു. ആദ്യം അലക്സാണ്ടർ ചക്രവർത്തി, അതിനുശേഷം അദ്ദേഹത്തിന്റെ സേനാധിപന്മാർ, പിന്നെ സിറിയയിലെ ഭരണാധികാരികൾ ഇങ്ങനെ പലരും യെഹൂദന്മാരെ ഭരിച്ചിട്ടുണ്ട്. ചില ആണ്ടുകൾ ഇവർ സ്വതന്ത്രരാജ്യമായി സ്വാതന്ത്ര്യത്തോടെ ജീവിച്ചിരുന്നു. അപ്പോൾ ഒരിക്കൽ ഈ യഹൂദന്മാർ ശബ്ബത്തുനാളിൽ യുദ്ധം ചെയ്കയില്ല എന്ന കാര്യം അറിയാമായിരുന്നതുകൊണ്ട് അവരുടെ ശത്രുക്കൾ ശബ്ബത്തുനാളിൽ യെഹൂദന്മാർക്കെതിരെ യുദ്ധം ചെയ്തു അവരെ തോല്പിച്ചു. ഗ്വല്ലായുദ്ധത്തിൽ വൻ പരാജയം അടഞ്ഞ യെഹൂദന്മാർ അന്നത്തെ മഹാപുരോഹിതനായിരുന്ന മത്ഥ്യാസ് 'സ്വയരക്ഷയ്ക്കായി ശബ്ബത്തുനാളിൽ യുദ്ധം ചെയ്യുന്നതു തെറ്റല്ല' എന്നു പൊതുപ്രസ്താവന നടത്തി. ഇതിനുശേഷമാണ് യെഹൂദന്മാർ യുദ്ധം ചെയ്തു മേക്കപ്പീസ് എന്നു വിളിക്കപ്പെടുന്ന 'യെഹൂദന്മാരുടെ സ്വയം ഭരണം' ഉണ്ടായത്.

ഏതായാലും യേശു ജനിക്കുന്നതിനു 150 വർഷങ്ങൾക്കു മുമ്പു തന്നെ ഈ യെഹൂദന്മാർ തങ്ങളുടെ ശബ്ബത്തുനാൾ ചട്ടത്തെ തങ്ങളുടെ സ്വയരക്ഷയ്ക്കായി മാറ്റി നിയമിച്ചു എന്നുള്ളതു തന്നെ ചരിത്രം നൽകുന്ന സത്യം. രോഗമായിരിക്കുന്ന യഹൂദന്മാർ ശബ്ബത്തുനാളിൽ സൗഖ്യമാക്കാൻ പാടില്ല – ശബ്ബത്തുനാളിൽ ആശുപത്രിയിൽ അടിയന്തിര ഓപ്പറേഷനും നടത്താൻ പാടില്ല എന്ന നിയമം കൊണ്ടുവരുന്നതു അർത്ഥശൂന്യം. ഈ സത്യത്തെയാണ് യേശു യെഹൂദന്മാർക്കു മനസ്സിലാക്കിക്കൊടുക്കാൻ മുതിർന്നത്. ശബ്ബത്തുനാൾ ചട്ടത്തെ യേശു ആത്മീയമായി നോക്കി. എന്നാൽ യെഹൂദന്മാർ വാക്യാർത്ഥത്തിൽ എടുത്തു.

ഞാൻ കോളേജിൽ പഠിച്ചിരുന്നപ്പോൾ ഞായറാഴ്ച ശബ്ബത്തുനാളിൽ – ദിനപ്പത്രം പോലും വായിച്ചിരുന്നില്ല. തിങ്കളാഴ്ച നടക്കേണ്ട കോളേജ് പരീക്ഷയ്ക്കുപോലും ഞായറാഴ്ച ഞാൻ പഠിക്കുമായിരുന്നില്ല. അങ്ങനെ പഠിക്കുന്നതു പാപം എന്നു ഞാൻ അപ്പോൾ കരുതി. എന്നാൽ അതു തെറ്റെന്നു ഇപ്പോൾ ഞാൻ ഉണരുന്നു.

ഈ ലോകത്തിലുള്ള ഓരോ നിയമത്തിനും ഒരു വ്യത്യാസം ഉണ്ടു. നമ്മുടെ രാജ്യത്തിൽ പല പാരമ്പര്യങ്ങൾ ചട്ടങ്ങളായി മാറി നമ്മെയും നമ്മുടെ സമുദായങ്ങളെയും ഭരിച്ചുകൊണ്ടിരിക്കുന്നു. സമുദായത്തിന്റെ പാരമ്പര്യങ്ങളെ നാം ബഹുമാനിച്ചു ജീവിക്കുന്നതു നല്ലതു തന്നെ. എന്നാൽ അതേ പാരമ്പര്യങ്ങൾ (ഉദാഹരണമായി സി.എസ്.ഐ പോലുള്ള സഭകളിലെ ചില പാരമ്പര്യ ഉപദേശങ്ങളും, മാർത്തോമ്മ, കത്തോലിക്ക, യാക്കോബായ എന്നിങ്ങനെയുള്ള സഭകളിലെ ധൂപക്കുറ്റി, പഴയനിയമത്തിൽ ഉപയോഗിച്ചിരുന്നതും മറ്റു ഭാഷകളിലുള്ളതുമായ ചില വാക്കുകൾ, അതായതു കുറിലേയായീസോൻ പോലുള്ള പദങ്ങൾ ഇപ്പോഴും ഉപയോഗിക്കുന്നതു പാരമ്പര്യത്തിന്റെ അടയാളം. ആത്മീയത്തിൽ മുതിർന്നവരായി പറയപ്പെടുന്ന മാർത്തോമ്മാ പോലുള്ള സഭകളിലും ഇതേ പാരമ്പര്യം തുടരുന്നതു ആത്മീയവളർച്ചയ്ക്കു പ്രയോജനമുള്ളതല്ല. ഞങ്ങൾ ആത്മീയസഭകളെന്നു പറയപ്പെടുന്ന പെന്തകോസ്തു സഭകളിലും സഭാചരിത്രത്തിൽ ഏതാണ്ടു നൂറു വർഷത്തിനുള്ളിൽ ഒരു സ്ത്രീ മുഖാന്തിരമായി നുഴഞ്ഞുകയറിയ അന്യഭാഷാ പാരമ്പര്യം ഇപ്പോഴും പിൻതുടരുന്നു. ഇതും

അഗ്നിഅഭിഷേകം ഉണ്ടെന്നു പഠിപ്പിക്കുന്നതും ആ പാരമ്പര്യങ്ങളെ പിൻതുടരുന്നതിനു തുല്യം) മനുഷ്യന്റെ അത്യാവശ്യ ആവശ്യങ്ങളെ നേടുന്ന പരിശ്രമത്തിൽ വിലങ്ങുതടിയായി മാറുമ്പോൾ അതിനെ മാറ്റുന്നതിൽ തെറ്റില്ല. മനുഷ്യസമുദായത്തിനു സേവനം ചെയ്യുന്ന വേലയിൽ മനുഷ്യന്റെ പരിചയങ്ങൾ വിലങ്ങുതടിയായി മാറാൻ നാം ഒരിക്കലും അനുവദിക്കാൻ പാടില്ല.

രോഗികളെ സൗഖ്യമാക്കുന്നതാണു മുഖ്യം എന്നല്ലാതെ പരീശന്മാരുടെ പാരമ്പര്യങ്ങൾ മുഖ്യമല്ല എന്ന സത്യത്തെയാണ് യേശു നമ്മെ പഠിപ്പിക്കാൻ ആഗ്രഹിക്കുന്നത്. മറ്റു ദിവസങ്ങൾക്കു ദൈവമായിരിക്കുന്ന അതേ ദൈവം തന്നെയാണ് ശബ്ബത്തുനാളിലും ദൈവമായിരിക്കുന്നത്. ശബ്ബത്തുനാളിൽ മറ്റാർക്കെങ്കിലും തന്റെ ഉത്തരവാദിത്വം ഏല്പിച്ചിട്ടു ദൈവം അവധി എടുക്കയില്ല. യേശു ശബ്ബത്തുനാളിൽ സൗഖ്യമാക്കുന്ന ഒരു ശരിയായ തെറ്റു ചെയ്തു.

"ശബ്ബത്തുനാളിൽ സൗഖ്യമാക്കുന്നതു ശരിയോ?" എന്നു യെഹൂദന്മാർ യേശുവോടു ചോദിച്ചു. യേശു അവരോടു: "നിങ്ങളുടെ ആടു ശബ്ബത്തുനാളിൽ ഒരു കുഴിയിൽ വീണാൽ അതിനെ പിടിച്ചുകയറ്റുകയില്ലയോ? ആടിനേക്കാൾ മനുഷ്യൻ വിശേഷതയുള്ളവനല്ലേ. അതുകൊണ്ടു ശബ്ബത്തുനാളിൽ മനുഷ്യനു നന്മ ചെയ്യുന്നതാണു നല്ലത്" എന്നു പറഞ്ഞശേഷം കൈ വരണ്ട മനുഷ്യനെ നോക്കി, "കൈ നീട്ടുക" എന്നു പറഞ്ഞു. അവൻ സൗഖ്യം പ്രാപിച്ചു. ഉടനെ പരീശന്മാർ കോപിച്ചു യേശുവിനെ എങ്ങനെ കൊല്ലാം എന്നു വിരോധമായി ആലോചിച്ചു തുടങ്ങി (മത്താ 12:10–14).

**2. പരീശന്മാർക്കുള്ള അപ്പം ഭക്ഷിച്ച ദാവീദ്**

ദാവീദ് ദൈവാലയത്തിൽ പ്രവേശിച്ചു പുരോഹിതന്മാരല്ലാതെ മറ്റാർക്കും ഭക്ഷിക്കാൻ പാടില്ലാത്ത വിശുദ്ധഅപ്പം അവനും അവനോടൊപ്പം ഇരുന്നവരും ഭക്ഷിച്ചു എന്നു യേശു പറഞ്ഞു (മത്താ 12:4).

ദാവീദും അവനോടൊപ്പം ഉണ്ടായിരുന്നവരും ശൗലിനെ ഭയന്നു ഒളിച്ചോടുമ്പോൾ, യിസ്രായേൽ ജനം മരുഭൂമിയിൽ ദാഹത്താൽ ബുദ്ധിമുട്ടിയതുപോലെ ഇവർ വിശപ്പിനാൽ വാടിപ്പോയി. അപ്പോൾ മഹാപുരോഹിതന്റെ അടുക്കൽപോയി ഭക്ഷിപ്പാൻ ഏതെങ്കിലും ലഭിക്കുമോ എന്നു ദാവീദു ചോദിക്കുന്നു. അപ്പോൾ ബലിപീഠത്തിൽ അർപ്പിക്കുന്ന അപ്പങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതു പുരോഹിതനായ അബിമേലെക്ക് ദാവീദിനും അവന്റെ സേവകർക്കുമായി കൊടുത്തു.

ലേവ്യർ 24:9 വചനം അനുസരിച്ചു ബലിപീഠത്തിലുള്ള അപ്പം അതിവിശുദ്ധമായത്. അത് അഹരോനും അവന്റെ പുത്രന്മാർക്കും മാത്രമുള്ളതായിരിക്കണം.

അടിയന്തിര സമയങ്ങളിൽ ഏതൊരു നിയമത്തിനും ഒരു ഒഴികഴിവുണ്ട്. യേശുവും ശിഷ്യന്മാരും ശബ്ബത്തുനാളിൽ വയലിൽ കൂടെ പോകുമ്പോൾ ശിഷ്യന്മാർക്കു വിശന്നു. അതുകൊണ്ടുപോകുന്ന വഴിയിൽ ഉണ്ടായിരുന്ന വയലുകളിൽ നിന്നു കതിർ പറിച്ചു അതിനെ ശിഷ്യന്മാർ തിന്നു. ഇതുകണ്ട പരീശന്മാർ (അതായതു യേശുവിന്റെ എതിരാളികൾ) "ഇപ്രകാരം ശബ്ബത്തുനാളിൽ അതും മറ്റുള്ളവന്റെ വയലിൽ നിന്നു മോഷ്ടിച്ചു ഭക്ഷിക്കുന്നത് തെറ്റ്" എന്നു കുറ്റം ചുമത്തി.

തന്റെ ശിഷ്യന്മാർ ചെയ്തതു തെറ്റാണെന്ന് യേശുവിനു അറിയാമായിരുന്നു. എന്നാലും അതിനെ വലുതാക്കി ഒരു വലിയ കുറ്റം ചെയ്തതുപോലെ സംസാരിക്കുന്നതു അതിനെക്കാൾ വലിയ തെറ്റ്. ഈ അടിസ്ഥാനത്തിലായിരുന്നു യേശു അവർക്കു മറുപടി കൊടുത്തത്. ഉടനെ

ദാവീദു ചെയ്ത പ്രവൃത്തി അതായതു ദൈവാലയത്തിൽ അർപ്പിക്കപ്പെട്ടിരുന്ന അപ്പം ഭക്ഷിച്ച സംഭവം യേശുവിന്റെ ഓർമ്മയിൽ വന്നു. ഉടനെ മത്തായി 12:4-ാം വചനം അനുസരിച്ച് യേശു നല്ല മറുപടി കൊടുത്ത് പരീശന്മാരുടെ വായടച്ചു കളഞ്ഞു.

ഈ ശിഷ്യന്മാർ അടിക്കടി കൊച്ചുകുട്ടികൾ ചെയ്യുന്നതുപോലെ ഏതെങ്കിലും തെറ്റു ചെയ്യുമായിരുന്നു. നമ്മുടെ സുവിശേഷത്തിലെ വിശേഷം എന്താണെന്നുവച്ചാൽ അതുപോലും വേദപുസ്തകതത്തിൽ അങ്ങനെതന്നെ രേഖപ്പെടുത്തിയിരിക്കുന്നു. ഒരു തവണ ഉച്ചയ്ക്കു 12 ശിഷ്യന്മാർക്ക് നല്ല വിശപ്പ്. യേശുവിന് ഭക്ഷണം വാങ്ങാനായി ഈ 12 പേരും - വിശപ്പുവന്നാൽ പത്തും പറക്കും എന്നാൽ ശിഷ്യന്മാർക്ക് വിശപ്പ് വന്നപ്പോൾ പന്ത്രണ്ടും പറന്നു. ഒരാളിനു ഭക്ഷണം വാങ്ങാൻ 12 പേരും പോയി. ഇവർ വാങ്ങിക്കൊണ്ടു വന്ന ഭക്ഷണം യേശു ഭക്ഷിച്ചിട്ടേ ഇല്ല എന്നത് എടുത്തു പറയത്തക്കതാകുന്നു (യോഹ 4:32,33).

അതുപോലെ ഈ സ്ഥലത്തും വയൽവഴി പോകുമ്പോൾ അടുത്ത വയലിൽ നിന്ന് കതിർ പറിച്ച് ഭക്ഷിച്ചു എന്നത് ഒരു കൊച്ചുകുട്ടിയുടെ പരിചയം. കൊച്ചുകുട്ടികൾ ചെയ്യുന്നതു നമുക്ക് മനസ്സിലാക്കാം. ഈ ശിഷ്യന്മാർ തീർച്ചയായും യേശുവോട് ചോദിക്കാതെ അവരവരായിത്തന്നെ യായിരിക്കും കതിർ പറിച്ച് തിന്നത്. അവരുടെ ഭയങ്കരമായ വിശപ്പ് നാം മനസ്സിലാക്കി 'കഷ്ടം വിശപ്പുമാറ്റാൻ ഭക്ഷിച്ചാൽ സാരമില്ല' എന്നു വയലിന്റെ ഉടമസ്ഥൻ പറഞ്ഞിരിക്കാം. എന്നാൽ അടുത്തവന്റെ വയലിലെ കതിർ പറിച്ചെടുക്കുന്നത് ഒരു ചീത്തസ്വഭാവം എന്നത് നാം സമ്മതിക്കണം. എന്നാൽ ഘോരമായ വിശപ്പാണെങ്കിൽ അങ്ങനെ ചെയ്യുന്നതു തെറ്റല്ല.

യാഗത്തിലല്ല കരുണയിൽ അത്രേ ദൈവം പ്രസാദിക്കുന്നതു - മത്തായി 12:7 - എന്ന ഒരു പുതിയതും വിപ്ലവകരമായതുമായ ഒരു ആശയത്തെ ഒരു പ്രധാനമന്ത്രി ഒരു പുതിയ പ്രവർത്തന പദ്ധതിയെ, പുതിയ നയത്തെ അറിയിക്കുന്നതുപോലെ അറിയിച്ചതാണു ഈ സംഭവത്തിൽ നാം കാണുന്നത്.

പുരോഹിതന്മാർക്കു മാത്രമുള്ള അപ്പം ദാവീദു ഭക്ഷിച്ചതും തന്റെ ശിഷ്യന്മാർ കതിർ പറിച്ചു തിന്നതിനെയും ശരി എന്നു സമർത്ഥിക്കുന്നതിനു യേശു ഹോശേയ 6:6 നെ പ്രാധാന്യപ്പെടുത്തി എടുത്തുകാണിക്കുന്നു. യാഗത്തിലല്ല, ദയയിലും ഹോമയാഗങ്ങളെക്കാൾ ദൈവപരിജ്ഞാനത്തിലും ദൈവം പ്രസാദിക്കുന്നു (ഹോശയ 6:6). (ബലിയല്ല സ്നേഹമാണു നിങ്ങൾ ആഗ്രഹിക്കുന്നതു. ദഹന ബലികളല്ല ദൈവജ്ഞാനമാണ് എനിക്കിഷ്ടം - കത്തോലിക്കാ വേദപുസ്തകം).

## യാഗത്തെയല്ല ദയയെ ആഗ്രഹിക്കുന്നു - വ്യാഖ്യാനം

ഇതിന്റെ അർത്ഥം എന്ത്? അത് മനസ്സിലാക്കുന്നതു അല്പം പ്രയാസം. ശ്രദ്ധിച്ചു വായിപ്പിൻ.

ദൈവത്തിനു യാഗം അർപ്പിക്കുന്നതും കാണിക്ക കൊടുക്കുന്നതും മുഖ്യം തന്നെ. അതുപോലെ തന്നെ ദൈവത്തിന്റെ പ്രമാണം - ദൈവീകനിയമങ്ങൾ മുഖ്യമാകുന്നു. എന്നാൽ അതേ നിയമം ഒരു പ്രത്യേക സാഹചര്യത്തിൽ, അല്ലെങ്കിൽ ഒരു അടിയന്തിര കാലഘട്ടത്തിൽ ഒരു വ്യക്തിയുടെ ജീവൻ രക്ഷിക്കുന്നതിനായി, അതായതു ഒരു മനുഷ്യനു ഭക്ഷണം ഇല്ലെങ്കിൽ ലോകത്തെ നശിപ്പിക്കാം എന്ന തമിഴ്കവി ഭാരതിയാർ പാടിയതുപോലെ ഒരു മനുഷ്യൻ വിശപ്പുകൊണ്ട് വാടിക്കൊണ്ടിരിക്കുമ്പോൾ ആ നിയമം ലംഘിച്ചു പുരോഹിതന്മാർ മാത്രം ഭക്ഷിക്കാവുന്ന അപ്പം എടുത്തു വിശപ്പുകൊണ്ട് വാടിക്കൊണ്ടിരിക്കുന്ന ഒരു സാധുവിനു നീ കൊടുക്കുന്നതിനെ ആ നിയമം തടയുകയില്ല. ദൈവം തന്റെ നിയമത്തെക്കാൾ ഒരു

സാധുവിനോടുള്ള കരുണയെ അധികമായി ഇഷ്ടപ്പെടുന്നു. യാഗത്തെക്കാൾ ദയയെ ഇഷ്ടപ്പെടുന്നു എന്ന വാക്കിന്റെ അർത്ഥം ഇതു തന്നെ.

ഒരു നിയമം നടപ്പിൽ വരുത്തുമ്പോൾ അതു കമ്പ്യൂട്ടറിനെപ്പോലെ കണ്ണടച്ചു കൊണ്ടല്ല. (കമ്പ്യൂട്ടറിനു ബുദ്ധിയുമില്ല ചിന്തിക്കുന്ന ത്രാണിയുമില്ല) നാം അവിവേകമായി പ്രയോജനപ്പെടുത്താൻ പാടില്ല.

നാലു റോഡുകൾ സന്ധിക്കുന്ന ഒരു സ്ഥലത്തു സിഗ്നലിനായി നിങ്ങൾ കാത്തിരിക്കുന്നു. പച്ച ലൈറ്റ് വന്നതിനുശേഷം മാത്രമേ അവിടെ വാഹനങ്ങൾക്കു പുറപ്പെടാൻ സാധിക്കുകയുള്ളൂ. ഇതാണു നിയമം, ഇതാണു നിയമത്തിന്റെ ചിട്ട. എന്നാൽ അതിവേഗം ഒരു ആമ്പുലൻസോ, അഗ്നിശമന വാഹനമോ ബെൽ അടിച്ചുകൊണ്ട് ചുവപ്പു ലൈറ്റ് കത്തിച്ച് അതിവേഗമായി വരുന്നു. നിയമം പാലിക്കുന്ന പോലീസിനു അതിനു കുറുകെ നിൽക്കാൻ സാധിക്കുമോ? അവിടെ ദയയ്ക്കു എല്ലാവരും അവസരം കൊടുക്കുന്നു. ഉള്ളിൽ ജീവനുവേണ്ടി പോരാടിക്കൊണ്ടിരിക്കുന്ന ഒരു വ്യക്തിക്കായോ, തീയിലകപ്പെടുന്ന ജനങ്ങളുടെ രക്ഷയ്ക്കായോ അവർക്കു കടന്നുപോകാൻ വഴി ഒരുക്കുന്നു. ലോകത്തിലുള്ള എല്ലാ മതങ്ങളുടെ എല്ലാ ചട്ടങ്ങളും ഇക്കാര്യത്തിൽ നാം ലംഘിച്ചാലും ആരും, ദൈവംപോലും നമ്മെ കുറ്റപ്പെടുത്തുകയില്ല. ഇതാണ് യാഗത്തെക്കാളും ദയയെ അധികമായി ഇഷ്ടപ്പെടുന്നു എന്നു യേശു പറഞ്ഞതിന്റെ അർത്ഥം.

അതുകൊണ്ട് പുരോഹിതന്മാർക്കു മാത്രമുള്ള അപ്പം ദാവീദ് ഭക്ഷിച്ചതും, യേശുവിന്റെ ശിഷ്യന്മാർ വയലിലെ കതിർ പറിച്ചു കൈകൊണ്ടു തിരുമ്മി തിന്നതുമായ രണ്ടു പ്രവൃത്തികളും ഒറ്റനോട്ടത്തിൽ തെറ്റായി തോന്നാം. എന്നാൽപോലും അവ ശരിയാണ്. അതേ, ഇതാണു ശരിയായ തെറ്റുകൾ. തെറ്റുപോലെ തോന്നിക്കുന്ന ശരികൾ. ഇതിനെക്കുറിച്ചു യേശു തുടർന്നു പറയുമ്പോൾ യേശു എന്തു പറയുന്നന്തെന്നറിയാമോ? ...... നിങ്ങൾ അറിഞ്ഞിരുന്നു എങ്കിൽ കുറ്റമില്ലാത്തവരെ കുറ്റം വിധിക്കയില്ലായിരുന്നു (മത്തായി 12:7) എന്നു സൂചിപ്പിച്ചിരിക്കുന്നു. അതായതു "കുറ്റം ചെയ്തതുപോലെ തോന്നും. അല്പം ആഴമായി ചിന്തിച്ചാൽ വാസ്തവത്തിൽ അവർ കുറ്റം ചെയ്തില്ല എന്നു നിങ്ങൾക്കു മനസിലാകും" എന്നു പറഞ്ഞിരിക്കുന്നു.

ഇതു വായിക്കുന്ന നിങ്ങൾ ഈ സത്യത്തെ നിങ്ങളുടെ ദിനമ്പ്രതിയുള്ള ജീവിതത്തിൽ, കുടുംബത്തിൽ നിങ്ങൾ ജോലി ചെയ്യുന്ന ഓഫീസിൽ, സാഹചര്യത്തിൽ, ജീവിക്കുന്ന സമുദായ സാഹചര്യത്തിൽ പ്രയോജനപ്പെടുത്താൻ പരിശ്രമിപ്പിൻ. നിങ്ങൾ ജോലി ചെയ്യുന്ന സർക്കാർ ആഫീസുകളിൽ, വ്യക്തിപരമായ സാഹചര്യത്തിൽ നിങ്ങളുടെ കുടുംബത്തിൽ, കോളനിയിൽ ഇവിടെല്ലാം വിവിധ ചട്ടങ്ങൾ ഉണ്ടായേക്കാം. നിയമാനുസൃതം നടക്കുന്നതു നല്ലതു തന്നെ. എന്നാൽ ചില സമയങ്ങളിൽ ചില വ്യക്തികൾക്കായി അവരുടെ അടിയന്തിരമായ ആവശ്യങ്ങൾ നിറവേറ്റാൻ ആ നിയമത്തെ മാറ്റാനും വളയ്ക്കാനും മടിക്കണ്ട. ജീവിക്കാൻ വേണ്ടി മാത്രം ഭക്ഷിക്കുന്നു എന്നല്ലാതെ ഭക്ഷിക്കാൻ വേണ്ടിയല്ല നാം ജീവിക്കുന്നതു. അതുപോലെ തന്നെ മനുഷ്യനുവേണ്ടിയാണ് നിയമം ഉണ്ടാക്കിയതല്ലാതെ നിമയത്തിനായിട്ടല്ല മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു എന്നു മനസ്സിലാക്കി നാം ജീവിക്കുമെങ്കിൽ അതു എല്ലാവർക്കും നന്മ ഉണ്ടാക്കും. (മനുഷ്യപുത്രൻ മനുഷ്യരുടെ പ്രാണങ്ങളെ നശിപ്പിപ്പാനല്ല രക്ഷിപ്പാനത്രെ വന്നതു എന്നു (യേശു) പറഞ്ഞു - ലൂക്കോ 9:56).

ശബ്ബത്തിൽ പുരോഹിതന്മാർ ദൈവാലയത്തിൽ വച്ചു ശബ്ബത്തിനെ ലംഘിക്കുന്നു എങ്കിലും കുറ്റമില്ലാതെ ഇരിക്കുന്നു എന്നു ന്യായപ്രമാണത്തിൽ വായിച്ചിട്ടല്ലയോ?

എന്നാൽ ദൈവലായത്തെക്കാൾ വലിയവൻ ഇവിടെ ഉണ്ടു എന്നു ഞാൻ നിങ്ങളോടു പറയുന്നു. യാഗത്തിലല്ല, കരുണയിൽ അത്രേ ഞാൻ പ്രസാദിക്കുന്നു എന്നുള്ളതു എന്തു എന്നു നിങ്ങൾ അറിഞ്ഞിരുന്നു എങ്കിൽ കുറ്റമില്ലാത്തവരെ കുറ്റം വിധിക്കയില്ലായിരുന്നു (മത്തായി 12:5-8) എന്നു യേശു പറഞ്ഞു.

**3. ഹോശേയാ പ്രവാചകന്റെ വിവാഹം**

യഹോവ ഹോശയായെ നോക്കി. "നീ ചെന്നു പരസംഗം ചെയ്യുന്ന ഒരു ഭാര്യയെയും പരസംഗത്തിൽ ജനിച്ച മക്കളെയും എടുക്ക; ദേശം യഹോവയെ വിട്ടുമാറി കഠിന പരസംഗം ചെയ്തിരിക്കുന്നുവല്ലോ" അങ്ങനെ അവൻ ചെന്നു.... ഗോമറിനെ പരിഗ്രഹിച്ചു അവൾ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിച്ചു (ഹോശേയാ 1:2,3). (നീ പോയി ഒരു വേശ്യയെ വിവാഹം ചെയ്ത് അവളിൽ നിന്ന് മക്കളെ നേടുക. കാരണം ദേശം കർത്താവിനെ പരിത്യജിച്ചു വേശ്യാവൃത്തിയിൽ മുഴുകിയിരിക്കുന്നു. അവൻ പോയി ഹോമറിനെ പരിഗ്രഹിച്ചു. അവൾ ഗർഭം ധരച്ചു ഒരു മകനെ പ്രസവിച്ചു - കത്തോലിക്കാ വേദപുസ്തകം.

ഒരു പ്രവാചകനു ഒരു വേശ്യയെ വിവാഹം ചെയ്യുമോ? ഇതു നമ്മുടെ മനസ്സിൽ സ്വകരിക്കുമോ? ഹോശേയ പ്രവാചകൻ ഒരു വേശ്യയെ വിവാഹം ചെയ്തതു ശരിയോ, തെറ്റോ? അല്ലെങ്കിൽ ഹോശേയയോടു വളരെ മോശമായതും സമുദായത്തിൽ കുഴപ്പത്തെ ഉണ്ടാക്കുന്ന തുമായ പ്രവൃത്തി ചെയ്യാൻ പറഞ്ഞതു ദൈവമോ? അങ്ങനെ ദൈവം പറയാതെതന്നെ ഇവൻ തന്റെ സ്വന്ത ഇഷ്ടപ്രകാരം പോയി വിവാഹം ചെയ്തശേഷം ഈ ഹോശേയ ദൈവത്തിന്മേൽ കുറ്റാരോപണം നടത്തി കള്ളം പറയുകയാണോ? ഇതിൽ ഏതു ശരി?

ഇതിൽ ഉള്ളടങ്ങിയിട്ടുള്ള സമുദായ കേടുകളും, കുഴപ്പങ്ങളും നിങ്ങളും ഞാനും ശരിക്കു മനസ്സിലാക്കുമെങ്കിൽ മാനസിക രീതിയിലുള്ള ഒരു സങ്കല്പചോദ്യം ഞാൻ നിങ്ങളുടെ മുമ്പിൽ വയ്ക്കുന്നു. "ഒരു യുവാവു ഒരു വേശ്യയെ വിവാഹം ചെയ്തു ഇങ്ങനെ ചെയ്യാൻ ദൈവം തന്നെ പറഞ്ഞു" എന്നു തന്റെ പിതാവിനോടു പറഞ്ഞാൽ അതിനെ അദ്ദേഹം സ്വീകരിക്കുമോ? അതിനു നമ്മുടെ മറുപടി, നമ്മുടെ പ്രതികരണം എന്ത്? ഹോശയ പ്രവാചകൻ വിവാഹം കഴിയാത്ത അവിവാഹിതൻ ആയിരുന്നു. ഇങ്ങനെ ഒരു കാര്യം ചെയ്താൽ അവന്റെ അപ്പനും അമ്മയും എന്തു പറഞ്ഞിരിക്കും? ഇതു വേദപുസ്തകത്തിൽ കൊടുക്കപ്പെട്ടിട്ടില്ല.

ഹോശേയ ചെയ്തതു ശരിയാണോ? തെറ്റാണോ? ശരിയായ തെറ്റോ? തെറ്റായ ശരിയോ?

ഇതിനെന്തു മറുപടി കൊടുക്കാൻ? ഇതു ഒരു ചർച്ചാ വിഷയമാണെന്നറിഞ്ഞിട്ടും വേദപുസ്തകത്തിൽ കൊടുക്കപ്പെട്ടിരിക്കുന്ന ഒരേ കാരണത്താൽ അതിനെക്കുറിച്ചു ചിന്തിക്കുന്നതിൽ തെറ്റില്ല. ദൈവത്തിന്റെ നോട്ടത്തിൽ വേണമെങ്കിൽ ഇവൻ കുറ്റമില്ലാത്തവനായി കാണപ്പെട്ടേക്കാം. എന്നാൽ ലോകരുടെ നോട്ടത്തിൽ, അവന്റെ കുടുംബക്കാരുടെ നോട്ടത്തിൽ, സമുദായത്തിൽ ഇവൻ ഒരു മോശക്കാരനായി തന്നെ കാണപ്പെടും എന്നതിൽ സംശയമില്ല. എല്ലാവരും പരിഹസിക്കത്തക്കവണ്ണമുള്ള ഹീനമായ ഒരു പ്രവൃത്തി ചെയ്തു നാട്ടുകാരുടെ സംസാര വിഷയമായിപ്പോയി.

എന്നാൽ ദൈവത്തിന്റെ വേല ചെയ്യുന്നവൻ സമുദായ ജോലിയെ, സാമൂഹ്യസേവനം ചെയ്യുന്നതിൽ തങ്ങളുടെ ജീവിതത്തെ അർപ്പിച്ചവർ ഇതിനെയെല്ലാം തമ്മിൽ യോജിപ്പിക്കാൻ പാടില്ല. പ്രശംസിക്കുന്നവർ പ്രശംസിക്കട്ടെ, പൊടിമണ്ണു വാരി എറിയുന്നവർ അങ്ങനെ വീശട്ടെ. ദൈവവേല ചെയ്തു കഴിയുന്നതാണു എന്റെ ലക്ഷ്യം എന്നു പറഞ്ഞു അഭിമാനിക്കണം. കുടുംബം,

ബന്ധം, സ്നേഹം ഇവയ്ക്കു അപ്പുറത്തുള്ളവർ, ഇവൻ മക്കളെ പ്രസവിച്ചതു കടമയ്ക്കായിട്ടായിരുന്നു. ആശയ്ക്കു ഒരു പെൺകുട്ടിയും ആസ്തിക്കു ഒരു ആൺകുട്ടിയും എന്ന രീതിയിലല്ല പ്രസവിച്ചെടുത്തതു. ദൈവകല്പനയ്ക്കു അനുസരണ കാണിച്ചവനാണു ഈ ഹോശയ. ഹോശേയ പ്രവാചകൻ കുടുംബബന്ധത്തിലും സ്നേഹം ഇല്ലാത്തവനായി, കുറവായ വാത്സല്യത്തിൽ കെട്ടപ്പെട്ടവനായി ഇരുന്നിരിക്കും എന്നു ഞാൻ ചിന്തിക്കുന്നു. ഇതു തെറ്റായിരിക്കാം.

ഏതു എങ്ങനെയായിരുന്നാലും, ഹോശേയ ഒരു വേശ്യയെ വിവാഹം ചെയ്തു എന്ന കാര്യം എല്ലാവരുടെ വിമർശനത്തിനും ഇടയാക്കും. എന്നാൽ അതിനെ ആർക്കും നിഷേധിക്കാൻ സാധ്യമല്ല. നിങ്ങൾക്കു ഇതു ഒരു തെറ്റായി തോന്നിയേക്കാം. എന്നാൽ ദൈവത്തിനു അതു ശരിയായിരുന്നു. ഒരാളിനു തെറ്റായി തോന്നുന്നതു മറ്റൊരാളിനു ശരിയായിരുന്നേക്കാം എന്ന തത്വം നാം സ്വീകരിക്കുന്ന വിശാലമായ സ്വഭാവം നമുക്കു ആവശ്യം. മിസ്രയിം രാജ്യത്തിന്റെ അധികാരപദവിയെ സ്വീകരിക്കാൻ യോസേഫിനു അനുവാദം കൊടുത്ത ദൈവം 350 വർഷം കഴിഞ്ഞശേഷം അതേ മിസ്രയിം രാജ്യത്തിനു രാജാവായി വരാൻ മോശെയ്ക്കു ദൈവം അനുവാദം കൊടുത്തില്ല.

ഹോശേയ ചെയ്ത ഈ പ്രവൃത്തി ഇന്നത്തെ 21-ാം നൂറ്റാണ്ടിന്റെ വെളിച്ചത്തിലും സമുദായ നിലയിലും നോക്കുകയാണെങ്കിൽ ഞാൻ ഇങ്ങനെ സങ്കൽപ്പിക്കുന്നു. ഇന്നത്തെ ഒരു യുവാവിനു വേശ്യയ്ക്കു പകരം ഒരു കുഞ്ഞുള്ള ഒരു വിധവയെ വിവാഹം കഴിക്കാം അല്ലേ? ഇതിനെ ആർക്കും തടുക്കാൻ സാധ്യമല്ല. ഇതു പല രാജ്യങ്ങളിൽ ഇന്നും നടക്കുന്ന ഒരു സാധാരണ കാര്യം തന്നെ.

ഇതു വായിക്കുന്ന നിന്നെയും ദൈവം മുന്നറിയിക്കാൻ ആഗ്രഹിക്കുന്നു; ഉത്സാഹിപ്പിക്കാൻ ആഗ്രഹിക്കുന്നു. ദൈവം പറഞ്ഞു എന്നു ചിന്തിച്ചുകൊണ്ടു ചില കാര്യങ്ങൾ നീ ചെയ്തിരിക്കുന്നു. ദൈവം നിന്നെ വഴി നടത്തിയതിനുസരിച്ച് ചില തീരുമാനങ്ങളും പദ്ധതികളും ചെയ്തുവരുന്നെങ്കിലും ചിലർ നിന്നെ തോബിയാസ്, സൻബല്ലാ എന്നിവർ നെഹമ്യാവിനെ പരിഹസിച്ചതുപോലെ നിന്നെയും പരിഹസിക്കുന്നു. നീ ചെയ്തതു പുറമേ നോക്കുമ്പോൾ ഹോശേയ ചെയ്തതുപോലെ തെറ്റായി തോന്നാം. നീ ചെയ്തതും ഹോശേയ ചെയ്തതുപോലെ ഒരു ശരിയായ തെറ്റുതന്നെ. വാടിപ്പോകരുതു. ദൈവം നിനക്കു കല്പിച്ചിരിക്കുന്ന പാതയിൽ തന്നെ നീ തുടർന്നു പോവുക.

നിന്ദയും അപമാനയും എന്നോടു അകറ്റേണമേ. ഇതാ ഞാൻ നിന്റെ പ്രമാണങ്ങളെ വാഞ്ഛിക്കുന്നു (സങ്കീ 119:22,40).

### 4. ശാസ്ത്രിമാർ ഹേരോദാ രാജാവിനു കൊടുത്ത വാക്കു ലംഘിച്ചു

ഹെരോദാവിന്റെ അടുക്കൽ മടങ്ങിപ്പോകരുതു എന്നു സ്വപ്നത്തിൽ അരുളപ്പാടുണ്ടായിട്ടു അവർ വേറെ വഴിയായി സ്വദേശത്തേക്കു മടങ്ങിപ്പോയി (മത്തായി 2:12).

നാം ചിലർക്കു ഒരു പ്രത്യേക സാഹചര്യത്തിൽ വാക്കു കൊടുക്കുന്നു. എന്നാൽ ചില നാളുകൾ കഴിഞ്ഞു അപ്രകാരം വാക്കു കൊടുത്തതു തെറ്റാണെന്നുണർന്നു നാം കൊടുത്ത വാക്കു പാലിക്കാതെ തെറ്റിപ്പോകുന്നു. അങ്ങനെയാണെങ്കിൽ നാം പറഞ്ഞപ്രകാരം ചെയ്യാത്തതു തെറ്റു തന്നെ. എന്നാൽ നാം കൊടുത്ത വാക്കനുസരിച്ചു ചെയ്യുമ്പോൾ ഇതിനെക്കാൾ വലിയ തെറ്റു സംഭവിക്കാം. അതുകൊണ്ടു വലിയ തെറ്റു അതിജീവിക്കുന്നതിനു ചെറിയ തെറ്റു നിങ്ങൾ ചെയ്താൽ അതു തെറ്റല്ല.

കാർ ഓടിച്ചു കൊണ്ടുപോയപ്പോൾ ബ്രേക്കു തകരാറിലായി. വലത്തോട്ടു തിരിച്ചാൽ 10 പേർ മരിക്കും, ഇടത്തോട്ടു തിരിച്ചാൽ ഒരാൾ മാത്രമേ മരിക്കയുള്ളൂ. രണ്ടും തെറ്റുതന്നെ. അതുകൊണ്ടു ചെറിയ തെറ്റിനെ നാം തെരഞ്ഞെടുക്കുന്നു. അതുപോലെ തന്നെ ഇതും. ചില നിർബന്ധത്തിന്റെ പേരിലും, ചില പ്രേരണയുടെ പേരിലും ഹെരോദാ രാജാവിനു കൊടുത്ത വാഗ്ദാനം ഈ ശാസ്ത്രികൾ പാലിച്ചില്ല. എന്നാൽ ദൈവത്തിന്റെ വാക്കിനു അവർ അനുസരണം കാണിച്ചു എന്നതു എടുത്തു പറയത്തക്കതാകുന്നു. ചില സമയങ്ങളിൽ ദൈവീക കല്പനകൾക്കു അനുസരണ കൊടുക്കുകയാണെങ്കിൽ ചിലർക്കു നാം കൊടുത്ത വാഗ്ദത്തങ്ങൾ പാലിക്കാൻ സാധ്യമല്ല. അതുകൊണ്ടു ചിലർക്കു നാം കൊടുത്ത വാഗ്ദാനം പാലിക്കാത്ത തെറ്റു ചെയ്തു ദൈവവാർത്തയ്ക്കു അനുസരണം കാണിക്കുന്ന ഒരു ശരിയായ കാര്യത്തെ, ഒരു ശരിയായ തെറ്റിനെ ചെയ്യാൻ നാം ഒരിക്കലും മടിക്കരുത്.

## II തെറ്റായ ശരികൾ

ഇതുവരെ ശരിയായ തെറ്റുകൾ എന്താണെന്നു നാം ചിന്തിച്ചു. അതു മനുഷ്യരുടെ നോട്ടത്തിൽ തെറ്റായി തോന്നിയാലും ദൈവത്തിന്റെ നോട്ടത്തിൽ അതു ശരിയാകുന്നു.

അടുത്തു നാം ചിന്തിക്കാൻ പോകുന്നതു തെറ്റായ ശരികൾ, അതായതു മനുഷ്യനോട്ടത്തിൽ അതു ശരിയായിരിക്കും. എന്നാൽ ദൈവത്തിന്റെ നോട്ടത്തിൽ അതു തെറ്റായിരിക്കും

ഇതു വിശദീകരിക്കുന്നതിനു രണ്ടു സംഭവങ്ങൾ നിങ്ങളുടെ മുമ്പിൽ വയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആദ്യം ഹെരോദാ രാജാവു യോഹന്നാൻ സ്നാപകൻ ശിരച്ഛേദം ചെയ്യിച്ചതു (മത്തായി 14:4–12). രണ്ടാമത് യിഫ്താഹ് തന്റെ മകളെ ബലിയിട്ടതു (ന്യായ 11:1–40).

### a. ഹെരോദാ രാജാവു യോഹന്നാൻ സ്നാപകന്റെ ശിരച്ഛേദം ചെയ്യിച്ചു

രാജാവു ദുഃഖിച്ചു എങ്കിലും ചെയ്ത സത്യത്തെയും വിരുന്നുകാരെയും വിചാരിച്ചു അതു കൊടുപ്പാൻ കല്പിച്ചു; ആളയച്ചു തടവിൽ യോഹന്നാനെ ശിരച്ഛേദം ചെയ്യിച്ചു (മത്തായി 14:9,10).

ഹെരോദാ രാജാവിന്റെ ജനനദിവസം നൃത്തം ചെയ്ത ഒരു പെൺകുട്ടിക്കു “നി എന്തു ചോദിച്ചാലും കൊടുക്കും” എന്നു രാജാവു സത്യം ചെയ്തു വാക്കുകൊടുത്തു. ആ പെൺകുട്ടി മാതാവിന്റെ വഞ്ചനാപരമായ വാക്കുകേട്ടു “യോഹന്നാൻ സ്നാപകന്റെ തല ഒരു താലത്തിൽ തരേണം” എന്നു ചോദിച്ചു. ഇതിന്റെ പ്രതിധ്വനിയായിരുന്നു യോഹന്നാൻ സ്നാപകന്റെ ശിരച്ഛേദം.

ഈ സംഭവത്തിൽ ഹെരോദാ രാജാവു താൻ കൊടുത്ത വാക്കു നിറവേറ്റുന്നതിനായി യോഹന്നാനെ ശിരച്ഛേദം ചെയ്തു എന്നു വേദപുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നു. ഇതിനെയാണ് ഞാൻ ‘തെറ്റായ ശരി’ എന്നു വിളിക്കുന്നത്. ഒരു രാജാവു താൻ കൊടുത്ത വാഗ്ദാനം പാലിക്കുന്നതു തെറ്റല്ല. ഏതായാലും തന്റെ വാക്കു നിമിത്തം താൻ ചെയ്യാനിരിക്കുന്ന പ്രവൃത്തി ഇവൻ അല്പം തൂക്കി നോക്കണം. നൃത്തം ആടിയ പെൺകുട്ടി സ്വന്തമായി ചോദിച്ചിരുന്നാൽ അതു തെറ്റല്ല. എന്നാൽ അവൾ തന്റെ മാതാവിനോടു 15 നിമിഷം ആലോചിച്ച ശേഷം വന്നു യോഹന്നാൻ സ്നാപകന്റെ തല സമ്മാനമായി ചോദിച്ചു. നൃത്തം ആടിയ പെൺകുട്ടിയുടെ ആഗ്രഹത്തെ മാത്രമേ ചോദിച്ചതല്ലാതെ ആ പെൺകുട്ടിയുടെ മാതാവിന്റെ ചതി പദ്ധതിയെ നിറവേറ്റുന്നതിനു രാജാവു നിയന്ത്രിതനായിരുന്നില്ല എന്നതു ശ്രദ്ധിക്കാതിരിക്കരുത്.

അതുമാത്രമല്ല, ഇവിടെ ഈ പെൺകുട്ടി ചോദിച്ചതു അവളുടെ ആഗ്രഹം അല്ല. എന്നാൽ മറ്റൊരു ഉദ്ദേശ്യത്തോടെ പല ദിവസങ്ങളിലെ പദ്ധതി അനുസരിച്ചു തീരുമാനിച്ചു അരങ്ങേറിയ

ഒരു ചതി പദ്ധതിയായിരുന്നു.

പൊതുവിൽ റോഡിൽ ഒരു അപകടം സംഭവിച്ചാൽ, ലോറിയും കാറും തമ്മിൽ കൂട്ടിയിടിച്ചാൽ അതിൽ മറഞ്ഞിരിക്കുന്ന ചതി പദ്ധതി ഏതെങ്കിലും ഉണ്ടായിരുന്നോ എന്നു പരിശോധിക്കുന്നതു പോലീസിന്റെ രീതിയാകുന്നു. അതുപോലെ തന്നെ ഹോരോദാ രാജാവും ഈ പെൺകുട്ടിയുടെ ആഗ്രഹത്തിന്റെ ആന്തരിക ഉദ്ദേശ്യത്തിൽ ചതി പദ്ധതി ഏതെങ്കിലും അടങ്ങിയിരിക്കുന്നുവോ എന്നു പരിശോധിക്കാൻ ഉത്തരവു പുറപ്പെടുവിച്ച ശേഷം ഒരാഴ്ച കഴിഞ്ഞു തന്റെ തീരുമാനം രാജാവിനു അറിയിക്കാമായിരുന്നു. ഇതു ചെയ്യാൻ രാജാവു വിട്ടുപോയി. ഇതിനെയാണ് തെറ്റായ ശരി എന്നു ഞാൻ പറയുന്നത്.

അബ്രാം തന്റെ ഭാര്യയോടൊപ്പം പോയപ്പോൾ "നിന്നോടുകൂടെ ഇരിക്കുന്നത് ആർ" എന്നു ചോദിച്ചപ്പോൾ ഇതു എന്റെ പെങ്ങൾ (സഹോദരി) എന്നു മറുപടി പറഞ്ഞു. സഹോദരി എന്നതു ഒരു വിധത്തിൽ ശരിതന്നെ. എന്നാൽ വാസ്തവത്തിൽ ഒരു സത്യമായ കള്ളം.

ഇതു വായിക്കുന്ന നിങ്ങൾ എങ്ങനെ ജീവിക്കുന്നു? തെറ്റായ ശരിയാണോ ചെയ്യുന്നതു? അതോ കളവായ സത്യത്തെ പറയുന്നുവോ?

## b. യിഫ്താഹു തന്റെ മകളെ ബലിയിട്ടത്

.... ജയിച്ചു സമാധാനതത്തോടെ മടങ്ങിവരുമ്പോൾ എന്റെ വീട്ടു വാതില്ക്കൽ നിന്നു എന്നെ എതിരേറ്റു വരുന്നതു യഹോവയ്ക്കുള്ളതാകും; അതു ഞാൻ ഹോമയാഗമായി അപ്പിക്കും...യിഫ്താഹ് തന്റെ വീട്ടിലേയ്ക്കു ചെല്ലുമ്പോൾ ഇതാ അവന്റെ മകൾ തപ്പോടും നൃത്തത്തോടും കൂടെ അവനെ എതിരേറ്റു വന്നു (ന്യായാ 11:30-40).

ഈ സംഭവത്തിൽ യിഫ്താഹ് താൻ ദൈവത്തോടു ചെയ്ത നേർച്ച അനുസരിച്ചു തന്റെ മകളെ സർവ്വാഗം ഹോമയാഗമായി അർപ്പിച്ചു.

നമ്മുടെ ഇന്ത്യയിൽ ചില ഭാഗത്തു വിവാഹമായ ഹൈന്ദവസ്ത്രീകൾ ഭർത്താവു മരിക്കുമ്പോൾ അതേ ചിതയിൽ ചാടി മരിക്കുന്നതുപോലെ വിവാഹം കഴിയാത്ത കന്യകയായ ഇവളും അതുപോലെ തന്നെ ഹോമയാഗമായി ദഹിപ്പിക്കാൻ സമ്മതിച്ചു.

അബ്രാം തന്റെ മകൻ യിസഹാക്കിനെ നരബലി ചെലുത്താൻ പരിശ്രമിച്ചപ്പോൾ ദൈവം അതു തടുക്കുന്നു. എന്നാൽ ഇവിടെ miss യിഫ്താഹിനെ ഹോമയാഗമായി അർപ്പിച്ചപ്പോൾ ദൈവം വന്നു തടുത്തില്ല എന്നതു പ്രത്യേകം പ്രസ്താവ്യമാകുന്നു.

എന്നെ സംബന്ധിച്ചിടത്തോളം ഈ യിപ്താഹ് ചെയ്തതു തെറ്റായ ശരി ആയിരുന്നു. യിസ്ഹാക്കിനെ ബലിയർപ്പിക്കാൻ ദൈവം അബ്രഹാമിനോട് പറഞ്ഞു. എന്നാൽ ദൈവം ചോദിക്കാതെതന്നെ യിഫ്താഹ് താനായി തന്റെ തെറ്റായ നേർച്ചയിൽ ഒരു ബലി അർപ്പിച്ചിരിക്കണം. നരബലി അർപ്പിക്കുന്നതു ദൈവം നിശ്ചയമായും സ്വീകരിക്കയില്ല. ഇന്നു ഇങ്ങനെ ആരെങ്കിലും ചെയ്താൽ അവരെ അറസ്റ്റു ചെയ്തു ശിക്ഷിക്കും എന്നതിൽ സംശയമില്ല.

ശരിയായ തെറ്റുകൾ, തെറ്റായ ശരികൾ എന്ന തലക്കെട്ടിൽ ഇതുവരെ നാം ചിന്തിച്ചു. ശബ്ബത്തു നാളിൽ ജോലി ചെയ്യുന്നതു തെറ്റാണെന്നു യഹൂദമതതലവന്മാർ യേശുവിന്മേൽ കുറ്റം ചുമത്തി. എന്നാൽ യേശുവാണെങ്കിൽ അതിനെക്കുറിച്ചു അല്പം പോലും ചഞ്ചലപ്പെടാതെ ശബ്ബത്തുനാളിൽ പലരെയും സുഖമാക്കി. നീയും അങ്ങനെ തന്നെ ചെയ്ക. മനുഷ്യനോട്ടത്തിൽ അല്ല, മതതലവന്മാരുടെ നോട്ടത്തിൽ അല്ല, ദൈവത്തിന്റെ നോട്ടത്തിൽ ഏതു ശരി എന്നു നിങ്ങൾക്കു തോന്നുന്നുവോ അതു ചെയ്യുക; ധൈര്യമായി ചെയ്യുക. ആരെങ്കിലും അതു

തെറ്റാണെന്നു പറഞ്ഞാൽ അങ്ങനെയുള്ളവരെ ഗുണമില്ലാത്തവർ എന്നു പറയുക.

അടുത്തതും പുരോഹിതന്മാർ ഭക്ഷിക്കേണ്ട അപ്പം ദാവീദു ഭക്ഷിച്ചു. വിശപ്പുള്ളവർക്കു അതനുസരിച്ചു സഹായം ചെയ്യുക. പ്രയോജനപ്പെടുത്തുന്നവർ ഇല്ലെങ്കിൽ ബലിപീഠത്തിൽ പ്രയോജനമില്ലാതെ കിടക്കുന്ന അപ്പങ്ങളും, സാധനങ്ങളും, പണവും വിശപ്പോടു കാത്തിരിക്കുന്നവർക്കു പ്രയോജനപ്പെടുത്തുക, മടിക്കാതെ ധൈര്യമായി അതു ചെയ്യുക.

മൂന്നാമതായി ഹോശേയ ചെയ്ത കാര്യത്തിൽ ജാഗ്രതയായിരിക്കുക. ഹോശേയ ഒരു വേശ്യയെ വിവാഹം ചെയ്തതു സംസ്ക്കാരം, ബന്ധങ്ങളുള്ള യാതൊരു മനുഷ്യനും ചെയ്യുകയില്ല. നമ്മുടെ നോട്ടത്തിൽ ഇതു ഒരു ഹിമാലയൻ തെറ്റ്. എന്നാൽ ദൈവനോട്ടത്തിൽ അതു ശരി. കാരണം അതു ചെയ്യാൻ ദൈവം കല്പിച്ചു എന്നു വേദപുസ്തകം പറയുന്നു. ഇതിനെ മറ്റൊരു രീതിയിൽ കാണുകയാണെങ്കിൽ, ഒരുപക്ഷേ ഒരു യുവാവു ഒരു വിധവയെ വിവാഹം ചെയ്യുന്നു എന്നു കരുതുവിൻ. അതു തെറ്റാണോ? തീർച്ചയായു അല്ല. ഒരുപക്ഷെ ജാതി ലഹളയാൽ ബലാൽസംഗം ചെയ്യപ്പെട്ട ഒരു പെൺകുട്ടിയെ വിവാഹം ചെയ്യാൻ ഒരു യുവാവു തയ്യാറായേക്കാം. ഇതുപോലുള്ള പുരോഗമനകരമായതും വിപ്ലവകരവുമായ കാര്യങ്ങൾ ചെയ്യാൻ ദൈവം നിങ്ങളെ വഴി നടത്തുമെങ്കിൽ ധൈര്യമായി അതു ചെയ്യുവിൻ.

അവസാനമായി തെറ്റായ ശരികൾ. നിങ്ങൾ ചെയ്യുന്നതു ലോകരുടെ നോട്ടത്തിലും നിങ്ങളുടെ നോട്ടത്തിലും ശരിയായ തോന്നിയേക്കാം. എന്നാലും ദൈവനോട്ടത്തിൽ അതു തെറ്റായിരുന്നേക്കാം. നിങ്ങൾ കൊടുത്തവാക്കു പാലിക്കുന്നതിനായി യോഹന്നാനെ ശിരച്ഛേദം ചെയ്യണമോ? നിങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിനായി അബ്രഹാമിനെപ്പോലെ ഭാര്യയെ സഹോദരി എന്നു പറയാമോ? സാഹചര്യത്തിനുയോജിച്ച രീതിയിൽ പച്ച ഓന്തായി മാറാതിരിപ്പിൻ.

ഉള്ളതിനെ ഉള്ളതെന്നും ഇല്ലാത്തതിനെ ഇല്ല എന്നും പറയുവിൻ. ശരിയായ തെറ്റു ചെയ്യാൻ ഭയപ്പെടാതിരിപ്പിൻ. തെറ്റായ ശരികളെ ഒഴിവാക്കുവിൻ. നിങ്ങളുടെ അന്നന്നുള്ള ജീവിതത്തിൽ ശരിയാ തെറ്റു ഏതാണെന്നും തെറ്റായ ശരി ഏതാണെന്നും തിരിച്ചറിയാൻ പരിചയിപ്പിൻ.

## ദയവായി ശ്രദ്ധിക്കുക

10 വർഷത്തിൽ ഒരു പ്രാവശ്യം ജാമക്കാരൻ Mailing list പുതുക്കുന്നത് പതിവാണ്. അതുകൊണ്ട് ഈ വർഷം നിങ്ങളുടെ അഡ്രസ്സിൽ മാറ്റങ്ങൾ ഉണ്ടെങ്കിൽ നിങ്ങളുടെ ഫോൺ നമ്പറോടു കൂടെ എന്നെ എഴുതി അറിയിക്കുവാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. നിങ്ങളുടെ അഡ്രസ്സിൽ അക്ഷരതെറ്റുണ്ടെങ്കിലും ദയവായി എഴുതി അറിയിക്കുക. നിങ്ങളുടെ അഡ്രസ്സ് slip ന്റെ മുകളിലുള്ള കൂപ്പൺ നമ്പരും ചേർത്ത് അറിയിച്ചാൽ നന്നായിരിക്കും. ഇ-മെയിൽ മുഖാന്തിരമായും എന്നെ അറിയിക്കാവുന്നതാണ്. Email - jamakaran@yahoo.com

## ജാമക്കാരൻ വേണ്ട

ജാമക്കാരൻ (മാസിക നിങ്ങളുടെ ആത്മാവിന് ഉപയോഗപ്രദം ആകുന്നില്ല എങ്കിൽ) നിങ്ങൾക്ക് ലഭിക്കുന്ന മാസികയുടെ മുകളിൽ REFUSED എന്നെഴുതി നിങ്ങളുടെ അഡ്രസ്സ്, വെട്ടി തിരിച്ചയയ്ക്കുക (Stamp വേണ്ട). അങ്ങനെ ചെയ്താൽ നിങ്ങളുടെ അഡ്രസ്സ് ഞങ്ങളുടെ Mailing List-ൽ നിന്നു നീക്കുവാൻ സാധിക്കും. ഇതിന് നിങ്ങൾ സഹകരിക്കും എന്ന് വിശ്വസിക്കുന്നു. നന്ദി

# വായനക്കാരുടെ കത്ത്

**കത്ത് – 1 :** ജൂലൈ മാസം 2015 ജാമക്കാരനിൽ ദൈവത്തിന്റെ രണ്ടാമത്തെ ആയുധം താങ്കൾ എഴുതിയ സ്വന്ത അനുഭവങ്ങൾ ഞങ്ങളെ വളരെയധികം സ്വാധീനിച്ചു. ഞങ്ങളുടെ ജീവിതത്തിൽ ഭയം ഉണ്ടായി. ആ ലേഖനം ആദ്യം എന്റെ ഭാര്യ വായിക്കുകയും പിന്നീട് എന്നെ വായിക്കുവാൻ നിർബന്ധിയ്ക്കുകയും ചെയ്തു. വായിച്ചപ്പോൾ കർത്താവ് എന്നോട് സംസാരിച്ചു. ഉടൻ തന്നെ ഞാനും എന്റെ ഭാര്യയും ചേർന്ന് പ്രാർത്ഥിച്ചു. നിങ്ങളുടെ ജീവിതത്തിൽ സംഭവിച്ച ആ സംഭവം ഞങ്ങളുടെ ഹൃദയത്തിൽ തുടർന്നു ഭയത്തെ ഉളവാക്കിക്കൊണ്ടിരിക്കുന്നു. ഡോക്ടർക്കു വേണ്ടിയും ഡോക്ടറിന്റെ ദൈവവേലയ്ക്കു വേണ്ടിയും ഞങ്ങൾ തുടർന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.
റവ: ? തിരുവല്ല

**കത്ത് – 2 :** നിങ്ങളുടെ അനുഭവസാക്ഷ്യം ലഘുലേഖനമാക്കി വിതരണം ചെയ്യുവാനാഗ്രഹിക്കുന്നു. റവ : ? കോട്ടയം

**കത്ത് – 3 :** ജൂലൈ 2015 ജാമക്കാരൻ വളരെ പ്രയോജനമായിരുന്നു. നേപ്പാളിൽ നിങ്ങൾ ചെയ്ത സുവിശേഷവേല പരാജയപ്പെട്ടു എന്ന് പരസ്യമായി സമ്മതിച്ചത്. ആരും പറയാത്ത സാക്ഷ്യം ആണ്. ആ തോൽവിയ്ക്ക് ഇടയിലും ഒരു ഇസ്ലാം സഹോദരന്റെ സാക്ഷി വലിയ അത്ഭുതമാണ്. പലവർഷം ക്രിസ്തീയ കുടുംബപാരമ്പര്യത്തിൽ ജനിച്ചു വളർന്ന് ദൈവവേല ചെയ്തുകൊണ്ടിരിക്കുന്ന ഞങ്ങൾക്ക് ആ മുസ്ലീം സഹോദരന്റെ സാക്ഷി പുതിയ വാർത്തയും ഒരു വെല്ലുവിളിയും ആയിത്തീർന്നു.
റവ: ? പാളയംകോട്ടൈ.

## മധുര ഡയോസിസ് സി.എസ്.ഐ കൺവെൻഷൻ ബോഡിനായക്ക് ക്രൈസ്റ്റ് ചർച്ച് കൺവെൻഷൻ



തേനീ ഡിസ്ട്രിക്റ്റിൽ ബോഡിനായക് സി.എസ്.ഐ ക്രൈസ്റ്റ് ചർച്ചിൽ നടന്ന യോഗങ്ങൾ വളരെ അനുഗ്രഹപ്രദമായിരുന്നു. സി.എസ്.ഐ അച്ചനും, ചെയർമാനുമായ റവ.സ്റ്റീഫൻ വേദരാജ് എം.എ;എം.എഫിൽ, ബി.ഡി അവർകൾ ഓരോ യോഗത്തിലും അദ്ധ്യക്ഷത വഹിച്ചു. എന്റെ പ്രസംഗത്തിനുശേഷം സഭയിൽ നല്ല ആത്മീയഉണർവ്വും മാനസാന്തരവും ഉണ്ടായി. ദൈവനാം മഹത്വപ്പെടട്ടെ.



Rt Rev Dr M C Mani

# മരണഅറിയിപ്പ്

മധ്യകേരള ഡയോസിസിൽ മുൻ ബിഷപ്പ് **റൈറ്റ്. റവ.മാണി മോടയിൽ** അവർകൾ തന്റെ 87–ാംമത്തെ വയസ്സിൽ 2015 ഒക്ടോബർ മാസം 20–ാം തീയതി കർത്താവിൽ നിദ്ര പ്രാപിച്ചു. 1981 മുതൽ 1993 വരെ 12 വർഷം ബിഷപ്പായി പ്രവർത്തിച്ചു. ഇദ്ദേഹം ക്രിസ്ത്യൻ രാഷ്ട്രീയത്തിലെ King Maker എന്ന് അറിയപ്പെടുന്നു. മധ്യകേരള ഡയോസിസിൽ ബിഷപ്പുമാരുടെ തെരഞ്ഞെടുപ്പിൽ ഇദ്ദേഹത്തിന്റെ സ്വാധീനം വളരെ വലുതാണ്. ഇദ്ദേഹം ആരെയാണോ ചൂണ്ടിക്കാണിക്കുന്നത് അദ്ദേഹം തന്നെ ബിഷപ്പാകും എന്ന് എല്ലാവരും പറയുന്നു. സി.എസ്.ഐ സിനഡിലും ഇദ്ദേഹത്തിന് വളരെ സ്വാധീനമുണ്ട്. മകൻ എം.എം.ഫിലിപ്പ് അവർകൾ പല വർഷങ്ങൾ സി.എസ്.ഐ സിനഡ് സെക്രട്ടറിയായി പദവി വഹിച്ചു.

ഇദ്ദേഹത്തിന്റെ വേർപാടിൽ ദുഃഖിക്കുന്ന കുടുംബത്തിനും മധ്യകേരള ഡയോസിസിലുള്ള എല്ലാവർക്കും ദൈവം ആശ്വാസം നൽകട്ടെ. അദ്ദേഹത്തിന്റെ സ്വദേശം മല്ലപ്പള്ളിയാണ്. അവിടെയുള്ള അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ എന്നെ വളരെയധികം സ്നേഹിക്കുന്നവരാണ്. തോളെല്ല് പൊട്ടി കിടപ്പിലായിരുന്നപ്പോൾ നേരിട്ട് ചെന്ന് പ്രാർത്ഥിച്ചപ്പോൾ എന്റെ കൈ പിടിച്ചുകൊണ്ട് ഇദ്ദേഹം പ്രാർത്ഥനയിൽ പങ്കെടുത്തു. അത് അവസാനത്തെ കൂടിക്കാഴ്ചയായിരുന്നു.

NOVEMBER 2015

# Printed Book/Book Post

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.